പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം

പുസ്തകം 1 | ലക്കം 9 | എറണാകുളം 1970 മാർച്ച് 29 ഞായർ | വില 35 സ.

## ഈ ലക്കത്തിൽ


* കുറിപ്പുകൾ

തകരുന്ന മുന്നണിയും താങ്ങുന്ന കോൺഗ്രസ്സും

* കാഴ്ചപ്പാടുകൾ

അമേരിക്കയുടെ പുതിയ സമരമുഖം

* ലേഖനം

ഇന്ത്യയിലെ മുസ്ലീംരാഷ്ട്രീയം

* എഴുതാപ്പുറം

* കത്തുകൾ


**9**

കുറിപ്പുകൾ

## തകരുന്ന മുന്നണിയും താങ്ങുന്ന കോൺഗ്രസ്സും

വിശ്വാസപ്രമേയത്തിന്റെ വിജയത്തിനു ശേഷവും കേരളമന്ത്രിസഭ പുതിയ വൈതരണികളുടെ വക്കത്താണ്. മന്ത്രിസഭ രാജിവെച്ച് ഇടക്കാല തെരഞ്ഞെടുപ്പ് നടത്തണമെന്നു ആർ. എസ്സ്. പിയുടെ കേന്ദ്രസെക്രട്ടേറിയററ് ആവശ്യപ്പെട്ടിരിക്കുന്നു. ഏപ്രിൽ 3 നു- മുതൽ ബീഹാറിലെ റാഞ്ചിയിൽച്ചേരുന്ന ആർ. എസ്സ്. പി. സെൻട്രൽ കമ്മിററി, സെക്രട്ടേറിയററിന്റെ തീരുമാനം അംഗീകരിക്കുന്നുവെങ്കിൽ അച്ച്യുതമേനോൻ മന്ത്രിസഭയുടെ നിലനില്പ്, അപകടത്തിലാകും. അതല്ലെങ്കിൽ ഒരു കേരളാ ആർ. എസ്സ്. പി. രൂപംകൊള്ളേണ്ടിവരും.

ഇന്നത്തെ നിലയിൽ ആർ. എസ്സ്. പി ഇടക്കാല തെരഞ്ഞെടുപ്പ് നടത്തണമെന്നതിനോട് യോജിക്കാനാണ് സാദ്ധ്യത. ഏററവും അടുത്തയവസരത്തിൽ അവർ കുറുമുന്നണിയിൽ നിന്നും വിട്ടുപോകാൻ സന്നദ്ധരാവും. കാരണം അതാണ് ലാഭകച്ചവടമെന്നു കാണാൻ വിഷമമൊന്നുമില്ല. ലാഭകച്ചവടത്തിൽ വിദഗ്ദ്ധരാണ് ആർ എസ്. പി. നേതാക്കൾ. മന്ത്രിപദത്തിൽ ഇരുന്നു രുചികണ്ടവർ എത്രകാലമാണ് കേവലം പിന്താങ്ങികളായിരിക്കുക ? അതിനും പുറമെ കുറുമുന്നണിയുടെ മന്ത്രിസഭക്കു ആർ. എസ്സ്. പി. പിന്തുണ നൽകുന്നുവെങ്കിൽ തന്നെ ആയുസ്സ് അധികം നീളാനിടയില്ല. വിശ്വാസപ്രമേയത്തെ രക്ഷിച്ചെടുക്കാൻ നടത്തിയ കച്ചവടങ്ങളെപ്പററി ആർ. എസ്സ്. പി. ക്കാർക്കു നന്നായി അറിയാമായിരിക്കണം. പി. കെ. കുഞ്ഞിനെക്കൂടി മന്ത്രിസഭയിലെടുക്കുമെന്നും അതോടെ മന്ത്രിസഭയുടെ ആയുസ്സ് ഒന്നുകൂടി കുറയുംമെന്നും ആർ. എസ്സ്. പിക്കാർ മനസ്സിലാക്കിയിട്ടുണ്ടായിരിക്കും.

പി. കെ. കുഞ്ഞിന്റെ പേരിൽ രണ്ടാമതു് പ്രാരംഭാന്വേഷണത്തിനു ഉത്തവിട്ടിട്ടുള്ളതു് വെറും പ്രഹസനമാണെന്നാണു കരുതേണ്ടതു്. ഒന്നുരണ്ടാഴ്ചകളുള്ളിൽ കുഞ്ഞു കളങ്കരഹിതനായി പുറത്തു് വരുന്നതുകാണാം. അതോടെ കുഞ്ഞും മന്ത്രിയാകും. മന്ത്രിപദം വാങ്ങി വിശ്വാസവോട്ട് കച്ചവടം ചെയ്ത എം. എൽ. എ. മാർ വേറെയുമുണ്ട്. എം. എം. തോമസ്സും അടുത്തുതന്നെ മന്ത്രിയാകുമെന്നു തീർച്ച. അതുകണ്ട് വെറുതെ ഇരിക്കുന്നവരായിരിക്കയില്ലാ ഭരണകക്ഷിയിലെ മററു പല എം. എൽ. എ. മാരും. പുതിയ ജില്ലയുടെ പേരിലും നിയോജകമണ്ഡലത്തിൽ കിണറു കുഴിപ്പിക്കാത്തതിന്റെ പേരിലും മന്ത്രിസഭക്കു പിന്തുണ നൽകുന്നവരും പിന്തുണ പിൻവലിക്കുന്നവരുമായിവരാവുന്ന എം. എൽ. എ. മാർ ഇനിയുമുണ്ട്

ആടിയുലഞ്ഞുകൊണ്ട് എപ്പോഴും വീഴാവുന്ന നിലയിൽ തുടരുന്ന മന്ത്രിസഭക്കു പിന്തുണ നൽകാതെ തക്കസമയത്തു് മാർക്സിസ്റ്റ് കമ്യൂണിസ്റ്റുകാരുമായിച്ചേർന്നാൽ ഒന്നിനു പകരം രണ്ട് മന്ത്രിമാരെക്കൂടികിട്ടുമെന്നായിരിക്കും ആർ. എസ്സ്. പി സ്വാഭാവികമായും കണക്കുകൂട്ടുന്നതു്. ഇന്നത്തെ നിലയിൽ മുസ്ലീം ലീഗോ, വലതു് കമ്യൂണിസ്റ്റ്കാരോ അതല്ലെങ്കിൽ കേരളാ കോൺഗ്രസ്സുകാരോ ആയി മാർക്സിസ്റ്റ് കമ്യൂണിസ്റ്റ്കാർ ഐക്യമുന്നണിയുണ്ടാക്കാൻ ഇടയില്ല. വളരെപ്പെട്ടെന്നു ഈ മന്ത്രിസഭ താഴത്ത് പോകുന്നുവെങ്കിൽ പിന്നീടുണ്ടാകുന്ന തെരഞ്ഞെടുപ്പ് മാർക്സിസ്റ്റുകളുടെ വിജയത്തിൽ കലാശിക്കുകയും ചെയ്യും. ആ വിജയത്തിൽ ഇപ്പോൾ തന്നെ പങ്കുപററാൻ തയ്യാറാവുന്നതാണ് നല്ലതെന്നും ആർ. എസ്സ്. പി. കണക്കുകൂട്ടുന്നെങ്കിൽ അവരെ കുററപ്പെടുത്തിക്കൂടാ.

അതിനും പുറമെ, ശേഷനും കുറുപ്പും തമ്മിൽ നടക്കുന്ന ശീതസമരം ഏതുനിമിഷ-

വുംതുറന്നയുദ്ധമായിമാറിയേക്കാം. പി. കെ. കുഞ്ഞുകൂടി മന്ത്രിസഭയിൽ വരുന്നെങ്കിൽ കുറുപ്പ് യുദ്ധപ്രഖ്യാപനം നടത്തുന്നതു് നിർത്തി സംഘട്ടനത്തിനു തന്നെ മുതിരും. ഒന്നുകിൽ കളരിക്കു് പുറത്തു് അല്ലെങ്കിൽ ശേഷന്റെ നെഞ്ചത്തു് എന്നാണല്ലോ കുറുപ്പിന്റെ പ്രഖ്യാപനം. പിന്നെ ആർ. എസ്സ്. പി. യും ലൂയിസ്സും തോമസ്സും മദ്യവും മദിരാക്ഷിയും കൂടിവിചാരിച്ചാലും മന്ത്രിസഭയെ രക്ഷിക്കാനുമാവില്ല. അതുകൊണ്ടു് സ്വരം നന്നായിരിക്കുമ്പോൾ തന്നെ പാട്ടുനിർത്താൻ ആർ. എസ്സ്. പി. തീരുമാനിച്ചാൽ അത്ഭുതപ്പെടേണ്ട.

കേരള മന്ത്രിസഭയെ കുഴയ്ക്കാൻ പോകുന്ന പ്രശ്നങ്ങൾ ഇനിയും അവസാനിച്ചിട്ടില്ല. അടുത്തു് നടക്കാൻപോകുന്ന മൂന്നു ഉപതെരഞ്ഞെടുപ്പുകൾ മന്ത്രിസഭയേയും കുറുമുന്നണിയേയും വലയ്ക്കാൻ പോവുകയാണ്. കൊട്ടാരക്കരയിൽ കോൺഗ്രസ്സ് അച്ചുതമേനോനു നിരുപാധിക പിന്തുണ പ്രഖ്യാപിച്ചിരിക്കുന്നു. അതുകൊണ്ടു് ഒരു പക്ഷെ അദ്ദേഹം ജയിച്ചെന്നു വരാം. എന്നാൽ നിലമ്പൂരിലേയും മാടായിലേയും സ്ഥിതി അതല്ല. ഈ രണ്ടു സ്ഥാനങ്ങളിലും മാർക്സിററു പാർട്ടി സ്ഥാനാർത്ഥികൾ വിജയിക്കുമെന്നു കരുതണം. നിലമ്പൂരിൽ മുസ്ലീംലീഗ് സ്വതന്ത്രനായി ഒരു സ്ഥാനാർത്ഥിയെ നിർത്തിയിരുന്നു. സിൻഡിക്കേററുകാരും കോൺഗ്രസ്സുകാരും അവരവരുടെ സ്ഥാനാർത്ഥിയെ നിർത്തി മത്സരിപ്പിക്കുകയും ചെയ്യുന്നു. മാർക്സിസ്റ്റ് സ്ഥാനാർത്തിയായിരുന്ന കുഞ്ഞാലി പതിനായിരം വോട്ടിന്റെ ഭൂരിപക്ഷത്തോടെ വിജയിച്ച മണ്ഡലമാണ് നിലമ്പൂർ. ഇവിടെ രണ്ടു കോൺഗ്രസ്സിന്റേയും സ്ഥാനാർത്ഥികൾ മത്സരിക്കുന്നുവെങ്കിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയുടെ വിജയം ഏതാണ്ടു് ഉറപ്പിക്കാവുന്നതാണ്. മുസ്ലിംലീഗ് കോൺഗ്രസ്സുകാർക്കു പിന്തുണ കൊടുത്താലും സിൻഡിക്കേററുകാർക്കു കുറെ വോട്ടു ഭിന്നിപ്പിക്കാൻ കഴിഞ്ഞാൽ മാർക്സിസ്റ്റ് സ്ഥാനാർത്ഥി തന്നെയാണ് വിജയിക്കുക.

മാടായിലെ തെരഞ്ഞെടുപ്പു ഫലം എന്തായിരിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിജയം ഇവിടെ മിക്കവാറും സുനിശ്ചിതമാണ്. ഈ രണ്ടു ഉപതെരഞ്ഞെടുപ്പുകൾ കഴിഞ്ഞാൽ മാർക്സിസ്റ്റ് പാർട്ടിയുടെ അംഗസംഖ്യ നിയമസഭയിൽ രണ്ടെണ്ണംകൂടി വർദ്ധിക്കുകയാണ്. ഒന്നോ രണ്ടോ മന്ത്രിസ്ഥാന മോഹികൾ വിചാരിച്ചാൽ അച്ചുതമേനോൻ മന്ത്രിസഭ പരാജയപ്പെട്ടതു തന്നെ. ബദൽ മന്ത്രിസഭയുണ്ടാകുമെന്നു ഖണ്ഡിതമായി ഉറപ്പു നൽകാൻ മാർക്സിസ്റ്റുകാർക്കു കഴിഞ്ഞാൽ അച്ചുതമേനോൻ മന്ത്രിസഭയുടെ മരണം ആ നിമിഷം സംഭവിക്കും. അതിനുമുമ്പ്, മാർക്സിസ്റ്റുകാരുടെ വല്ല എം. എൽ. ഏയും വെടിവെച്ചു കൊല്ലപ്പെടുകയോ ഹൃദ്രോഗംമൂലം മരിക്കുകയോ ചെയ്യുന്നില്ലെങ്കിൽ അച്ചുതമേനോൻ മന്ത്രിസഭ തകരുമെന്നു് തീർച്ചയാണ്.

യഥാർത്ഥത്തിൽ നിലമ്പൂർ–മാടായി ഉപതെരഞ്ഞെടുപ്പുകൾക്കപ്പുറം അച്ചുതമേനോൻ മന്ത്രിസഭക്കു ആയുസ്സുണ്ടാകണമെങ്കിൽ പ്രതിപക്ഷ എം. എൽ. എ. മാർ ചത്തൊഴിയുക തന്നെ വേണം. പക്ഷെ സി. എച്ച്. മുഹമ്മദ് കോയ തന്നെ പോലീസ് മന്ത്രിയായിരുന്നാലും അതു് സംഭവിക്കുമെന്നു കരുതി മന്ത്രിസഭക്കു പിന്തുണ നൽകിക്കൂടല്ലോ. ഒരു പരീക്ഷണമെന്ന നിലയിൽ, ഉപതെരഞ്ഞെടുപ്പുകൾക്കു ശേഷം മന്ത്രിസഭയുണ്ടാക്കാൻ മാർക്സിസ്ററ് പാർട്ടി സന്നദ്ധമായാലത്തെ സ്ഥിതി എന്തായിരിക്കും? ഉപതെരഞ്ഞെടുപ്പുകളിൽ ജനങ്ങൾ തങ്ങളിൽ വിശ്വാസം പ്രകടിപ്പിച്ചിരിക്കുന്നുവെന്നും അതുകൊണ്ടു് ഇടക്കാലതെരഞ്ഞെടുപ്പില്ലാതെ തന്നെ തങ്ങൾ മന്ത്രിസഭയുണ്ടാക്കാമെന്നും ഇ. എം. എസ്സ്. പറയുന്നെങ്കിൽ? കുറുമുന്നണിക്കാർ മുമ്പു് പറഞ്ഞതനുസരിച്ചാണെങ്കിൽ, ആ നിമിഷം ഇ. എം. എസ്സിനെ മന്ത്രിസഭ രൂപവൽക്കരിക്കാൻ അനുവദിക്കേണ്ടതാണ്. മാർക്സിസ്ററ് കമ്മ്യൂണിസ്റ്റ് പാർട്ടിയോടു് വലതു് കമ്മ്യൂണിസ്ററുകാർക്കു അത്രക്കു വലിയ അസൂയയും ശത്രുതയുമില്ലെങ്കിൽ ഇതാണു് ചെയ്യേണ്ടതു്. ആർ. എസ്സ്. പി. ക്കാർ റാഞ്ചിയിൽ വെച്ചു് ഇങ്ങനെ പറഞ്ഞെന്നു വരാം. മാർക്സിസ്റ്റ് കമ്മ്യൂണിസ്ററുകാരെ കൂട്ടിച്ചേർന്നു് പഴയ ഐക്യമുന്നണി പുനരുദ്ധരിക്കണമെന്നോ അതല്ലെങ്കിൽ ഇടക്കാല തെരഞ്ഞെടുപ്പ് നടത്തണമെന്നോ ആയിരിക്കും അവർ പറയാൻ പോകുന്നതു്. കാരണം ബംഗാളിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്ററുകാരുമൊന്നിച്ചാണു് ആർ. എസ്സ്. പി നിൽക്കുന്നതു്. ഇതിനിടയിൽ ജ്യോതി ബാസുവിന്റെ നേതൃത്വത്തിൽ ബംഗാളിൽ പുതിയ മന്ത്രിസഭയുണ്ടാക്കാൻ കേന്ദ്ര ഗവർമ്മെണ്ടു് അനുവദിക്കുക കൂടിച്ചെയ്താൽ അച്ചുതമേനോൻ മന്ത്രിസഭ തകരാൻ അധികസമയമൊന്നും വേണ്ടിവരില്ല

ഇങ്ങനെ ഏതുനിലക്കും അല്പായുസ്സായ അച്ചുതമേനോൻ മന്ത്രിസഭക്കു കണ്ണടച്ചു പിന്തുണ പ്രഖ്യാപിക്കുന്നതിനു കേരളത്തിലെ കോൺഗ്രസ്സിന്റെ നേതാക്കളല്ലാതെ മററാരുമുണ്ടാകുകയില്ല. കരുണാകരനും അഡ്ഹോക്കു് കമ്മിററി നേതാവ് കെ. കെ. വിശ്വനാഥനും യൂത്തു് കോൺഗ്രസ്സിന്റെ വിവരംകെട്ട നേതാക്കളും കൂടിച്ചേർന്നു കോൺഗ്രസ്സിനെ കൊണ്ടു് ചെന്നെത്തിച്ചിട്ടുള്ള ഗതികേടു് സഹതാപാർഹമാണ്. പത്രക്കച്ചവടക്കാരുടെ മുഖപ്രസംഗങ്ങളിൽ കവിഞ്ഞ രാഷ്ട്രീയ വിജ്ഞാനമില്ലാത്ത ഈ നേതാക്കൾ കോൺഗ്രസ്സിനു വോട്ടു ചെയ്യുന്ന ഇരുപതു ശതമാനത്തോളം വരുന്ന വോട്ടർമാരെയാണ് അവതാളത്തിലാക്കിയിട്ടുള്ളത്.

അച്ചുതമേനോൻ മന്ത്രിസഭക്കു എന്തോ ഇളക്കം തട്ടുന്നുവെന്നു കേട്ടപ്പോൾ തന്നെ കരുണാകരനും വിശ്വനാഥനും മത്സരിച്ചു് പിന്തുണ പ്രഖ്യാപനങ്ങളുമായി ഇറങ്ങിത്തിരിച്ചു. കേരള മന്ത്രിസഭയുടെ ഗുണഗണങ്ങൾ അവർ പുകഴ്ത്തിപ്പാടി. ഇതൊക്കെത്തന്നെ കൂലിയില്ലാ വേലയുമായിരുന്നു. സ്വന്തം കക്ഷിക്കുവേണ്ടി ഒരു രാജ്യസഭാസ്ഥാനമെങ്കിലും ചോദിച്ചു വാങ്ങും മുമ്പേ അച്ചുതമേനോനു തോൾ കാണിച്ചു കൊടുക്കാൻ ഈ നേതാക്കൾക്കു് എന്തുവെമ്പലായിരുന്നു. തോൾ മാത്രമല്ലാ തലയും കാണിച്ചുകൊടുക്കാൻ അവർ തയ്യാറായി. ഒരു മടിയും കൂടാതെ വാമനനെപ്പോലെ തലയിൽ ചവിട്ടാൻ അച്ചുതമേനോനും ത

(ശേഷം 16–ാം പേജിൽ)

'നിർണ്ണയം' വാരികയുടെ വരിക്കാരാവുന്നതിനും ഏജൻസി വ്യവസ്ഥകൾക്കും എഴുതേണ്ട മേൽവിലാസം

മാനേജർ 'നിർണ്ണയം'
കോൺവെൻറ് റോഡ്
എറണാകുളം, കൊച്ചി–11

വാർഷിക വരിസംഖ്യ 16 ക.
അദ്ധവർഷത്തേക്കു് 8 ക.

## കാഴ്ചപ്പാടുകൾ

# അമേരിക്കയുടെ പുതിയ സമരമുഖം

രാജൻ

തെക്കു കിഴക്കേ ഏഷ്യയിൽ അമേരിക്ക പുതിയ സമര മുഖം തുറന്നിരിക്കുകയാണ്. വിയറ്റ്നാമിൽ പരാജയപ്പെട്ട് പിന്തിരിയേണ്ടിവന്ന അമേരിക്കൻ പടക്കു വേണ്ടി സമീപത്ത് തന്നെ യുദ്ധക്കളം ഒരുക്കിക്കൊടുക്കാൻ അമേരിക്കൻ നേതാക്കൾ തയ്യാറായിരിക്കുന്നു. ലാവോസാണു പുതിയ യുദ്ധരംഗം.

കഴിഞ്ഞ കുറെ കാലമായിത്തന്നെ അമേരിക്കൻ പത്രങ്ങളുടെ ഉൾപേജുകളിൽ ലാവോസിലെ 'മിനി' യുദ്ധത്തിന്റെ വാർത്തകൾ വന്നുകൊണ്ടിരുന്നു' പക്ഷെ വിയറ്റ്നാമിൽ അഞ്ചു ലക്ഷത്തിലേറെ അമേരിക്കൻ യുവാക്കൾ ധീരരായ വിയറ്റ്നാം ജനതയോട് ജീവൻമരണപ്പോരാട്ടം നടത്തിക്കൊണ്ടിരുന്ന സന്ദർഭമായതുകൊണ്ട് വലിയ തലക്കെട്ടുകൾ വിയറ്റ്നാമിനാണ് ലഭിച്ചിരുന്നത്. ഇന്നു അമേരിക്കക്കു വിയറ്റ്നാം വിട്ടൊഴിഞ്ഞു പോകേണ്ടി വരുമെന്നു തീർച്ചയായിട്ടുണ്ട്. ലോകത്തിൽ, ഒരു പക്ഷെ, ഇന്ത്യയിലെ സ്വതന്ത്രാപാർട്ടിക്കൊഴികെ മറ്റാർക്കും ഇക്കാര്യത്തിൽ സംശയമില്ല. എന്തിനു ഒഴിഞ്ഞു പോകണം എപ്പോൾ ഒഴിഞ്ഞു പോണം എന്ന കാര്യത്തിൽ മാത്രമേ അമേരിക്കയിൽപോലും അഭിപ്രായവ്യത്യാസമുള്ളു. വടക്കേ വിയറ്റ്നാമിനെതിരായ ബോംബാക്രമണത്തിനു വിരാമമിടുന്നതിനു അമേരിക്ക തയ്യാറായത് വിയറ്റ്നാമിൽ സമാധാനം പാലിക്കുന്നതിന്റെ ആദ്യപടിയായിട്ടായിരുന്നുവെന്നാണു കരുതപ്പെട്ടിരുന്നത്. പക്ഷെ ബോംബാക്രമണം യഥാർത്ഥത്തിൽ നിർത്തുന്നതിനു അമേരിക്കയിലെ യുദ്ധത്തലവന്മാർക്കു സന്നദ്ധതയുണ്ടായിരുന്നില്ലാ എന്നാണ് മനസ്സിലാക്കേണ്ടത്. ലാവോസിൽ കടന്ന് 'ഹോച്ചിമിൻ ട്രെയിൻ' എന്നറിയപ്പെടുന്ന പ്രദേശത്ത് ബോംബാക്രമണം നടത്താൻ അമേരിക്കയിലെ യുദ്ധത്തലവന്മാർ നേരത്തെ തന്നെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. കഴിഞ്ഞ ഏതാനും ദിവസം മുമ്പ് ആ നിലയും വിട്ട് ജാരസ് സമതലത്തിൽ തുറന്ന യുദ്ധം തന്നെ നടന്നു. ഇരുപത്തിയേഴ അമേരിക്കൻ സൈനികർ കൊല്ലപ്പെട്ടുവെന്നാണ് റിപ്പോർട്ട്.

ലാവോസിൽ അമേരിക്ക നടത്തുന്ന കടന്നാക്രമണങ്ങളെക്കുറിച്ച് അമേരിക്കൻ അധികൃതർ തികഞ്ഞ മൌനം ദീക്ഷിച്ചു വരുകയായിരുന്നു. വടക്കേ വിയറ്റ്നാമിൽ അമേരിക്കയെ കൊണ്ടുചെന്ന് പായിച്ച് സ്വാർത്ഥ താൽപ്പര്യം നേടിയ സൈനിക–വ്യവസായ– രാഷ്ട്രീയ കൂട്ടുകെട്ട് അമേരിക്കയെ ലാവോസിലും ഇടപെടുവിക്കാൻ തയ്യാറെടുക്കുകയായിരുന്നു. വിയറ്റ്മിൽ ഗൊറില്ലകൾക്കു ആയുധമെത്തിച്ചു കൊടുക്കുന്നതിനുപയോഗിക്കുന്നതിന്റെ പേരിൽ 'ഹോച്ചിമിൻ ട്രെയിലി'ൽ ബോംബിടാൻ നിശ്ചയിച്ചത് യുദ്ധരംഗം മറ്റൊരിടത്തേക്കു വ്യാപിപ്പിക്കുന്നതിന്റെ ഭാഗമെന്ന നിലക്കാണെന്നു കരുതണം. ജാർസ് സമതലത്തിനു വേണ്ടി നടത്തിയ യുദ്ധത്തിൽ അമേരിക്കയുടെ കയ്യുണ്ടായിരുന്നുവെന്നതിന് നിഷേധിക്കാനാവാത്ത തെളിവുകളുണ്ട്. ഈ യുദ്ധത്തിൽ സി. ഐ. എ. ക്കും പങ്കുണ്ടെന്നു പല വിദേശ കാര്യവിദഗ്ധരും അഭിപ്രായപ്പെടുന്നുമുണ്ട്' എന്നാൽ കിഴക്കൻ ലാവോസിലെ ഹോച്ചിമിൻ ട്രെയിൽ ബോംബിടുന്നതിൽക്കവിഞ്ഞ് അമേരിക്കക്കു യാതൊരു ഉദേശവുമില്ലെന്നായിരുന്നു ഔദ്യോഗിക നിലപാട്.

## അമേരിക്കൻതേർവാഴ്ച

പക്ഷെ ലാവോസിൽ അമേരിക്ക എത്രമാത്രം ചെന്നു കുടുങ്ങിയിട്ടുണ്ടെന്നു അമേരിക്കൻ സെനറ്റർമാര തന്നെ പുറത്തുകൊണ്ടു വന്നിരിക്കുന്നു. കഴിഞ്ഞ ഒക്ടോബറിൽ സെനറ്റിന്റെ സബ്ബ് കമ്മിറ്റി മുമ്പാകെ അമേരിക്കൻ ഭരണാധികാരികൾ നൽകിയ തെളിവുകൾ ഞെട്ടിപ്പിക്കുന്നവയായിരിക്കുമെന്നാണ് സെനറ്റർമാർ തന്നെ പറയുന്നതു്. പക്ഷെ അത് പുറത്തുവിടാൻ പ്രസിഡൻറ് നിക്സൻ വിസമ്മതിച്ചിരിക്കുകയാണ്. രേഖാമൂലമുള്ള തെളിവുകൾ അമേരിക്കക്കു ലാവോസിൽ നടത്തുന്ന സൈനിക ഇടപെടലുകളുടെ ചെലവ് കാണിക്കുന്നവയാണ്. ലാവോസിൽ എത്ര അമേരിക്കക്കാരുണ്ടെന്നും അവരുടെ പദവി എന്താണെന്നും ഈ രേഖകളിൽനിന്നു മനസ്സിലാക്കാമായിരുന്നത്രെ. എല്ലാറ്റിനും പുറമെ എത്ര അമേരിക്കക്കാർ ലാവോസിന്റെ മണ്ണിൽ മരിച്ചു വീണുവെന്നും സെനറ്റർമാരിൽ ചിലർക്കെങ്കിലും അറിയാൻ കഴിഞ്ഞിട്ടുണ്ട്. വളരെ ഭദ്രമായി സൂക്ഷിക്കപ്പെട്ടിട്ടുള്ള ഈ രഹസ്യങ്ങളിൽ നിന്നല്ലാതെ ലാവോസിൽ അമേരിക്ക നടത്തുന്ന ഭീകരതേർവാഴ്ചയുടെ ചിത്രം കിട്ടുന്നതു് അമേരിക്കൻ പത്രലേഖകന്മാരിൽ നിന്നുതന്നെയാണ്. സി. ഐ. എ. ഏജൻറുമാരുടേയും അമേരിക്കൻ സൈനികമേധാവികളുടേയും കണ്ണുവെട്ടിച്ച് ലാവോസിലെ യുദ്ധരംഗത്തു കടന്നുചെല്ലാൻ സാഹസികരായ ഒന്നു രണ്ടു പത്രലേഖകർക്കു കഴിഞ്ഞു. ന്യൂയോർക്ക് ടൈംസിന്റെ ലേഖകനായ ഹെൻറി ലാവോസിലെ അമേരിക്കൻ രഹസ്യത്താവളമായ ലോങ്ങ്ചെൻവരെ ചെന്നെത്തിയ ആളാണ്. മിനിട്ടിൽ ഒരു യുദ്ധവിമാനം വീതം ഇവിടെനിന്നു പറന്നുപൊങ്ങുന്നതായി താൻ കണ്ടുവെന്നാണ് അദ്ദേഹത്തിന്റെ റിപ്പോർട്ട്. ഹോച്ചിമിൻട്രെയിലും കടന്നു ലാവോസിലേക്കു വളരെദൂരംപോയി വടക്കേ വിയറ്റ്നാമിന്റേയും ചൈനയുടേയും അതിർത്തികളിൽ അമേരിക്കയുടെ യുദ്ധവിമാനങ്ങൾ ബോംബെറു നടത്തിയെന്നാണു മറ്റൊരു റിപ്പോർട്ട്. സി. ഐ. ഏ. കാർക്കു വേണ്ടിയാണത്രെ ലാവോസിലെ ഇരുപതിനായിരത്തോളം വരുന്ന അമേരിക്കക്കാരിൽ ഭൂരിഭാഗവും പ്രവർത്തിക്കുന്നതു്. ഏഴുപതിനായിരം ലാവോസ് സൈനികരെ അമേരിക്ക പരിശീലിപ്പിക്കുകയും ആയുധസാമഗ്രികൾ നൽകി സജ്ജമാക്കുകയും ചെയ്യുന്നുണ്ടെന്നാണ് മറ്റൊരു റിപ്പോരട്ട്. ഈ സന്നാഹങ്ങൾക്കിടയിൽ പാത്തറ്റ്ലാവോ ഗോറില്ലകളുടെ പ്രവർത്തനം തടയുന്നതിനുവേണ്ടി ഹോച്ചിമിൻ ട്രെയിൻ ബോംബിട്ടു നശിപ്പിക്കുന്നുവെന്ന വ്യാജേന 60,000 ലാവോസുകാരെ അമേരിക്ക കൊന്നൊടുക്കിയെന്നാണ് അമേരിക്കയുടെ തന്നെ കണക്ക്.

ലാവോസിന്റെ ചരിത്രം അല്പം അറിഞ്ഞെങ്കിൽ മാത്രമേ, നവീന സാമ്രാജ്യത്വത്തിന്റെ കുടിലതന്ത്രങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ പററുകയുള്ളു. ബ്രിട്ടീഷുകാരുടെ വാഴ്ചക്കാലത്ത് ഇന്ത്യ രാഷ്ട്രീയമായി ഒന്നിച്ചതുപോലെതന്നെ ഫ്രെഞ്ചുകാരുടെ ആധിപത്യമാണ് ലാവോസിനു രാഷ്ട്രീയമായ അസ്തിത്വം നൽകിയതു്. അതിനു മുമ്പ് മൂന്നു രാജ്യങ്ങളായി പിരിഞ്ഞുകിടക്കുകയായിരുന്നു ലാവോസ്. 1954 ലെ ജെനീവകരാർവഴി ലാവോസിന്റെ പേർ ലോകപ്രസിദ്ധമായി. കമ്യൂണിസ്റ്റ് ചൈനയുടെ വക്കത്തു് തെക്കു ഭാഗത്തു് സ്ഥിതിചെയ്യുന്നതുകൊണ്ടും കമ്യൂണിസ്റ്റ് നിയന്ത്രണത്തിലുള്ള വടക്കേ വിയറ്റ്നാമിന്റെയും അമേരിക്കൻ സ്വാ

ധീനത്തിലുള്ള തായ്‌ലണ്ടിന്റെയും ഇടക്കുകിടക്കുന്നതുകൊണ്ടും പാശ്ചാത്യമേധാവികളെ സംബന്ധിച്ചിടത്തോളം തന്ത്ര പ്രാധാന്യമുള്ള രാജ്യമായി ലാവോസ്.

## ജനീവ കരാർ

രണ്ടാം ലോകമഹായുദ്ധക്കാലത്ത് ജാപ്പാൻ നടത്തിയ ആക്രമണം ലാവോസിലെ ജനതയെ ദേശീയാടിസ്ഥാനത്തിൽ ഒന്നിപ്പിക്കുന്നതിനു ഉപകരിച്ചു. ജാപ്പാൻകാർക്കെതിരെ സമരം ചെയ്ത സ്വതന്ത്രലാവോ പ്രസ്ഥാനത്തിനു കമ്യൂണിസ്റ്റുകാരും പുരോഗമനവാദികളായ ലാവോസുകാരും സർവ്വാത്മനാ പിന്തുണ നൽകി. ഫ്രെഞ്ചുകാർക്കെതിരെ സ്വയം ഗൊറില്ലാസേനയെ നയിച്ച സൌഫ്നോവാങ്ങ് രാജകുമാരനായിരുന്നു ഈ പ്രസ്ഥാനത്തിന്റെയും നേതാവ്. രണ്ടാം ലോകമഹായുദ്ധം അവസാനിച്ചപ്പോൾ സ്വതന്ത്രലാവോസ് പ്രസ്ഥാനക്കാരിൽ ഒരു വിഭാഗമാളുകൾ ഫ്രെഞ്ച് യൂണിയന്റെ അധീശതയിൽ ഒരു കപടസ്വാതന്ത്ര്യം ലാവോസിനു കൊടുക്കുന്നമെന്ന പ്രമാണത്തിൽ ഒപ്പുവെച്ചു. ഈ കപടസ്വാതന്ത്ര്യക്കാരേയും അവരുടെ ഫ്രെഞ്ചു മേലാളന്മാരേയും സമരം ചെയ്തു് ഓടിക്കുന്നതിനുവേണ്ടിയാണ് സൌഫനൌവോങ്ങ പാത്തററ്‌ലാവോസേനയുണ്ടാക്കിയതു്. ഇന്നത്തെ രാജകീയ ഭരണത്തിനെതിരായി ദേശീയവാദികൾ നടത്തുന്ന സമരത്തിൽ വിയററ്മിൻകാരുടെ സഹായം ലഭിച്ചിട്ടുണ്ടെന്നത് സത്യമാണ്. രാജകീയ സൈന്യത്തിനും അവർക്കു് അരുനിന്ന ഫ്രെഞ്ചുകാർക്കും എതിരായി പാത്തററ് ലാവോസേന നടത്തിയ സമരം ഏതാണ്ട് സമ്പൂർണ്ണവിജയത്തിലെത്തുമെന്ന ഘട്ടത്തിലാണ് 1954 ൽ ജനീവ കരാർ-ഉണ്ടായതു്. ലാവോസിന്റെ വടക്കുകിഴക്കുഭാഗം മുഴുവൻ തന്നെ പാത്തററ് ലാവോ സൈനികർ വിമോചിപ്പിച്ചു് കഴിഞ്ഞിരുന്നു. ഒന്നുരണ്ടു സംസ്ഥാനങ്ങൾ രാജകീയാധികാരത്തിനു വിട്ടുകൊടുക്കാനും 1955 ൽ ദേശീയാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്താനും ജനീവ കരാറിൽ വ്യവസ്ഥകളുണ്ടായിരുന്നു. പക്ഷെ അതിനുമുമ്പ് പാത്തററ് ലാവോ വിട്ടുകൊടുത്ത പ്രദേശത്തെ ഭരണത്തിൽ പാത്തററ് ലാവോസിന്റെ പ്രതിനിധികൾക്കു വ്യക്തമായ പങ്കുവേണമെന്നും നിബന്ധനയുണ്ടായിരുന്നു.

എന്നാൽ ഭരണത്തിൽ പങ്കു നൽകുന്നതിനു രാജകീയ ഭരണാധികാരികൾ തയാറായില്ല. ഇതിനു പുറമെ 1950ൽ അമേരിക്ക ഫ്രാൻസും ഫ്രാൻസുമായി ബന്ധപ്പെട്ടു കിടക്കുന്ന വിയററ്നാം ലാവോസ്, കമ്പോഡിയ എന്നിവയും ആയി ഒരു സഹായക്കരാർ ഉണ്ടാക്കിയതോടെ ലാവോസിൽ അമേരിക്കൻ സ്വാധീനം ഒന്നിനൊന്നു വർദ്ധിച്ചുവന്നു. അമേരിക്ക കെട്ടിപ്പടുത്തതാണ് വിയൻറീനിലെ രാജകീയ സൈന്യം. 1955ൽ തെരഞ്ഞെടുപ്പ് നടന്നത് പാത്തററ് ലാവോ വിട്ടുകൊടുത്ത ഹ്യൂവാഫാൻ, ഫോംഗ സാലി എന്നീ പ്രവിശ്യകളിലൊഴികെയാണ്. പാത്തററ് ലാവോവിനു ഭരണത്തിൽ പങ്കു നൽകിയില്ലെന്നും പറയേണ്ടതില്ലല്ലോ.

പിന്നീട് വിയൻറീനിൽ അധികാരത്തിൽവന്ന സൌവ്വന്നഫൌമ ആദ്യത്തിൽ പാത്തററ് ലാവോസിനോട് അനുരഞ്ജന മനോഭാവമുള്ള ആളായിരുന്നു. ഇദ്ദേഹത്തിന്റെ അടുത്തബന്ധുവുമാണ് പാത്തററ് ലാവോവിന്റെ തലവനായ സൌഫാനാവാങ്ങ് രാജകുമാരൻ. ദീർഘമായ കൂടിയാലോചനകൾക്കു ശേഷം 1957ൽ പാത്തററ് ലാവോ നേതാക്കളുമായി വീണ്ടും വിയൻറീൻ ഭരണകൂടം കരാറുണ്ടാക്കി. ഇതു പ്രകാരം രാഷ്ട്ര ഭരണത്തിൽ പാത്തററ് ലാവോ നേതാക്കൾക്കും പങ്ക് നൽകണമായിരുന്നു. പാത്തററ് ലാവോവിനെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് പൂർത്തിയാക്കാനും നിശ്ചയിക്കപ്പെട്ടു. തെരഞ്ഞെടുപ്പിൽ പാത്തററ്ലാവോ ഉൾപ്പെട്ട ഐക്യമുന്നണിക്കു വമ്പിച്ച വിജയമാണുണ്ടായത്. ഇത് അമേരിക്കയെ അമ്പരിപ്പിച്ചു. അവർ ലാവോസിനുള്ള എല്ലാസഹായങ്ങളും പെട്ടെന്നുനിർത്തി. അമേരിക്കയുടെ പ്രേരണയോടുകൂടി പല കമ്മ്യൂണിസ്റ്റ് വിരുദ്ധരും പുതിയ പാർട്ടികളുണ്ടാക്കി പാത്തററ്ലാവോവിനെ ഭരണകൂടത്തിൽ നിന്നു മാററിനിർത്തി. ഇതിനിടയിൽ സി. ഐ. എ. യുടെ സഹായത്തോടെ പാത്തററ് ലാവോക്കാരെ നശിപ്പിക്കാനും ശ്രമമാരംഭിച്ചു്. അപ്പോഴാണ് 1953ൽ പാത്തററ് ലാവോ ഗൊറില്ലകൾ വീണ്ടും സമരമാരംഭിച്ചത്. വിയററ്മിൻകാരുടെ കടന്നാക്രമണമുണ്ടാകുന്നുവെന്നു വിയൻറീൻ ഭരണാധികാരികൾ പരാതിപ്പെട്ടെങ്കിലും ഐക്യരാഷ്ട്ര സമിതിയുടെ രക്ഷാസമിതിതന്നെ ഈയാരോപണത്തിൽ കാമ്പില്ലെന്നാണ് അഭിപ്രായപ്പെട്ടത്.

പാത്തററ് ലാവോസേനയെ തകർക്കാൻ കഴിയാഞ്ഞപ്പോൾ വിയൻറീൻ ഭരണാധികാരികൾ 1960ൽ വീണ്ടും ഒത്തു തീർപ്പിലെത്തി. ഇത്തവണയും പാത്തററ് ലാവോവിനുകൂടി പങ്കുള്ള തെരഞ്ഞെടുപ്പായിരുന്നു മുഖ്യവ്യവസ്ഥ. പക്ഷെ സൌഫനോവോങ്ങ് രാജകുമാരനെ ജെയിലിലിട്ടുകൊണ്ടായിരുന്നു തെരഞ്ഞെടുപ്പ് അത്ഭുതകരമാംവണ്ണം പാത്തററ് ലാവോവിനും കൂട്ടുകാർക്കും ഒററസ്ഥാനംപോലും ലഭിച്ചില്ല. സൌഫനോവോങ്ങ് രാജകുമാരനും കൂട്ടുകാരും ജെയിലിൽ നിന്നു രക്ഷപ്പെട്ട് വിയൻറീൻ ഭരണാധികാരികൾക്കെതിരായി ആക്രമണമാരംഭിച്ചു. വിമോചിത മേഖല വികസിച്ചു വന്നു. അമേരിക്കൻ ശിങ്കിടിപ്പാർട്ടികൾ വിയൻറീനിൽ ഭരണമുണ്ടാക്കിയയുടനെ തന്നെ അത് കാപ്ടൻ കോങ്ങ്ലീ തകിടംമറിച്ചു. അമേരിക്ക തന്നെ പരിശീലിപ്പിച്ചെടുത്തയാളായിരുന്നു കോങ്ങ്ലീയെങ്കിലും ലാവോസിന്റെ നിഷ്പക്ഷതക്കും ദേശീയഗവർമ്മെൻറിനും തടസ്സം സൃഷ്ടിക്കുന്നത് അമേരിക്കയാണെന്ന അഭിപ്രയമാണ് കാപ്ടൻ കോങ്ങ്ലിക്കുണ്ടായിരുന്നത് സൌവന്നഫൌമാരാജകുമാരന്റെ നേതൃത്വത്തിൽ കോങ്ങ്ലി പുതിയ ഭരണം സ്ഥാപിച്ചു. പക്ഷെ ഈ ഭരണകൂടത്തിന്റെ നിയന്ത്രണത്തിൽ നിന്നു കുതിച്ചുച്ചാടി അമേരിക്കയുടെ ശിങ്കിടിയായ ജനറൽ ഫൌമി നോസവാൻ ദക്ഷിണ ലാവോസിൽ ഒരു പട്ടണമാസ്ഥാനമാക്കി കലാപ ഗവർമ്മെണ്ട് ഉണ്ടാക്കി അമേരിക്കയുടെ ശക്തിയായ സഹായത്തോടെ ഈ കലാപകാരികൾ നടത്തിയ ആക്രമണം സഹിക്കവയ്യാതായപ്പോൾ സൌവ്വന്ന ഫൌമ രാജകുമാരൻ പാത്തററ് ലാവോവുമായി ചർച്ചകളാരംഭിച്ചു. അമേരിക്ക സാമ്പത്തിക പ്രതിരോധമുൾപ്പെടെ എല്ലാ തന്ത്രങ്ങളും വിയൻറീൻ ഭരണകൂടത്തിനെതിരായി പ്രയോഗിച്ചു. 1960 അവസാനത്തിൽ ജനറൽ ഫൌമി നോസവാൻ വിയൻറീനിലേക്കു സൈന്യത്തെ നയിച്ചപ്പോൾ സൌവ്വന്ന ഫൌമാ രാജകുമാരൻ കമ്പോഡിയയിൽ അഭയം പ്രാപിക്കേണ്ടിവരുകയാണുണ്ടായത്. കോങ്ങ്ലിയുടെ പട്ടാളം ജാർസ് സമതലത്തിലേയ്ക്കു് പിൻവാങ്ങുകയും ചെയ്തു.

## അമേരിക്കൻ ഇടപെടലുകൾ

അമേരിക്കയുടെ എന്തെന്നില്ലാത്ത ഇടപെടലുകളുംസൈനികസഹായവുമുണ്ടായിട്ടും പാത്തററ് ലാവോ സൈനികർ ജന

(ശേഷം 15-ാം പേജിൽ)

# എഴുതാപ്പുറം

വിലപേശലിൽ അച്യുതമേനോൻ മന്ത്രിസഭ വിജയിച്ചിരിക്കുന്നു. എട്ടു വോട്ടിന്റെ ഭൂരിപക്ഷത്തോടെ വിശ്വാസപ്രമേയം പാസ്സായിരിക്കുകയാണ്. കുറുമുന്നണി മന്ത്രിസഭയെ രക്ഷിക്കാൻ അഹോരാത്രം പാടുപെട്ടവർക്കു ആശ്വസിക്കാം. വാസ്തവത്തിൽ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധം കഠിനാദ്ധ്വാനം നടത്തിയാണ് ഈ മന്ത്രിസഭയെ രക്ഷിച്ചിട്ടുള്ളതു്. മന്ത്രിമാരും പാർട്ടി നേതാക്കളും പത്രങ്ങളും മന്ത്രിസഭക്കു എം. എൽ. എ. മാരുടെ വിശ്വാസം നേടിക്കൊടുക്കുന്നതിനു ഇതേപോലൊരു പരിശ്രമം നടത്തിയ സന്ദർഭമുണ്ടായിട്ടില്ല. എന്നിട്ടും എം. എൽ. എ. മാരിൽ ഭൂരിപക്ഷം പേരുടെ പിന്തുണയുണ്ടായെന്നു അവസാന നിമിഷംവരെ നിശ്ചയിക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല. പക്ഷെ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായ അച്യുതമേനോന്റെ മന്ത്രിസഭക്കു പള്ളിയുടേയും പത്രങ്ങളുടേയും വിശ്വാസമാർജ്ജിക്കാൻ മുമ്പേതന്നെ കഴിഞ്ഞിരുന്നു.

കുറുമുന്നണി മന്ത്രിസഭയെ രക്ഷിച്ചെടുക്കാൻ 'മതൃഭൂമി' യും 'മനോരമ'യും ദീപികയും മത്സരിച്ച് മുഖപ്രസംഗ പരമ്പരകൾ തന്നെ എഴുതിവിട്ടു. 'ജനയുഗ'ത്തിനു പോലും അച്യുതമേനോൻ പിന്തുണാ മത്സരത്തിൽ ഈ വൻകിടക്കാരോടു് ഒപ്പം നില്ക്കാൻ സാധിച്ചിട്ടില്ല. വർഗ്ഗസമരത്തിൽ വിശ്വസിക്കുന്നുവെന്ന് അവകാശപ്പെടുന്ന ഇന്ത്യൻ കമ്യൂണിസ്റ്റ് പാരട്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭക്കു താങ്ങും തണലും നൽകാൻ മുതലാളിമാരും സ്ഥാപിത താൽപ്പര്യക്കാരും ജന്മിമാരും വെമ്പൽ കൊള്ളുകയായിരുന്നു. ഇന്ത്യ കണ്ടതിലേററവും നല്ല മന്ത്രിസഭയെന്നു മനോരമ സ്തുതിച്ചു. മന്ത്രിസഭയെ നിലനിർത്തണമെന്നു 'മാതൃഭൂമി' തുടരെത്തുടരെ മുഖപ്രസംഗമെഴുതി. സി. എച്ച്. മുഹമ്മദ് കോയയുടെ അറബി പാരമ്പര്യത്തെ 'ദീപിക' വാഴ്ത്തി. പള്ളിയും പണക്കാരും പത്രങ്ങളും ഉൾപ്പെട്ട വർഗ്ഗം കുറുമുന്നണി മന്ത്രിസഭയുടെ രക്ഷാധികാരികളാണെന്നു നിസ്സംശയം തെളിയിച്ചു.

റോമും റാവൽപിണ്ടിയും മോസ്കോവും വാഷിങ്ടണും അച്യുതമേനോൻ മന്ത്രിസഭയെ രക്ഷിക്കാൻ രംഗത്തുണ്ടായിരുന്നുവെന്നാണറിവ്. എം. എൽ. എ. മാരെപ്പിടിക്കുന്നതിനു വേണ്ടി കർദ്ദിനാൾ തന്റെ മതസ്വാധീനം ഉപയോഗപ്പെടുത്തിയതായി വാർത്തയുണ്ട്. കഴിഞ്ഞ കുറെ ദിവസങ്ങളിൽ മദ്യവും മദിരാക്ഷിമാരുമാണ് കേരളം ഭരിച്ചിരുന്നതെന്നു പറയപ്പെടുന്നു. മനംമാററം സംഭവിക്കാതിരിക്കാൻ മയക്കുമരുന്നു കൊടുത്തു് കിടത്തിയ എം. എൽ. എ. മാരെപ്പററിയും മാസ്കോട്ട് ഹോട്ടലിലെ മദ്യസൽക്കാരങ്ങളെപ്പററിയുമുള്ള കഥകൾ കേരളത്തിൽ അങ്ങാടിപ്പാട്ടായിരുന്നു. ഈ കഥകളിൽ ഒട്ടുമിക്കവയും വിശ്വസനീയമാണെന്നു തോന്നത്തക്ക വിധമാണ്. നിമിഷംതോറും ചില എം. എൽ. എ. മാർ കാലുമാററം നടത്തിയത്. മുമ്പേ പറയപ്പെട്ടിരുന്നതിൽ നിന്നു വ്യത്യസ്തമായി നിയമസഭയിൽ പെരുമാറിയവർ സിൻഡിക്കേററുകാരും എം. എം. തോമസ്സ്, എസ്സ്. പി. ലൂയീസ്സ് എന്നീ എം. എൽ. എ. മാരുമാണ്. ഭരണകക്ഷിയിൽനിന്നു മാറിയതായി സ്പീക്കർക്കു എഴുതിക്കൊടുത്തിരുന്ന കെ. സി. സക്കറിയ നിയമസഭയിൽ ഹാജരായതുമില്ല. വിശ്വാസ പ്രമേയത്തെ എതിർത്തു വോട്ടു ചെയ്യുമെന്നു സിൻഡിക്കേററ് നേതാക്കൾ പ്രഖ്യാപിച്ചിരുന്നുവെങ്കിലും അവസാനം അവർ നിഷ്പക്ഷത പാലിക്കുകയാണു് ചെയ്തത്. നിയമസഭയിൽ അരങ്ങേറിയ വിശ്വാസപ്രമേയ രാഷ്ട്രീയ നാടകത്തിൽ പങ്കെടുത്തവരിൽ തീർച്ചയായും ഒന്നാം സമ്മാനത്തിനർഹരായവർ സിൻഡിക്കേററുകാരാണെന്നു സമ്മതിക്കണം.

കഴിഞ്ഞ ദിവസങ്ങളിൽ സിൻഡിക്കേററ് കേരളത്തിന്റെ ശ്രദ്ധ പിടിച്ചെടുത്തിരിക്കുകയായിരുന്നു. കോൺഗ്രസ്സിലെ ഭിന്നിപ്പിനുശേഷം ഇന്ത്യയിൽ നടന്ന എല്ലാ ഉപതെരഞ്ഞെടുപ്പുകളിലും കെട്ടിവെച്ച പണം നഷ്ടപ്പെട്ടവരാണ് സിൻഡിക്കേററുകാർ. അവരുടെ നിയന്ത്രണത്തിൽ ഉണ്ടായിരുന്ന ഉത്തര പ്രദേശ് മന്ത്രിസഭയെ തകിടംമറിക്കാൻ ചരൺസിങ്ങിനും കോൺഗ്രസ്സുകാർക്കും കഴിഞ്ഞു. ബീഹാറിൽ അവർക്കു മന്ത്രിസഭയുണ്ടാക്കാൻ കഴിഞ്ഞില്ല. ഗുജറാത്തിൽ സിൻഡിക്കേററുകാരനായ ഹിതേന്ദ്രദേശായിയുടെ മന്ത്രിസഭയെ മറിക്കാൻ കൊണ്ടുപിടിച്ച ശ്രമം നടക്കുകയാണ്. ഇന്ത്യയൊട്ടാകെ നേരിട്ടതും നേരിട്ടുകൊണ്ടിരിക്കുന്നതുമായ തിരിച്ചടികൾക്കും പരാജയങ്ങൾക്കുമിടയിൽ കേരളമന്ത്രിസഭയെ വിറപ്പിക്കാനും കോൺഗ്രസ്സുകാരെ അഗണ്യരാക്കിത്തള്ളിക്കൊണ്ടു് വിലപേശൽ നടത്താനും കേവലം നാലംഗങ്ങളുള്ള സിൻഡിക്കേററിനു സാധിച്ചതു് സമർത്ഥമായ രാഷ്ട്രീയകരുനീക്കം കൊണ്ടു് തന്നെയാണ്. മദ്യമോ വ്യക്തികളുടെ മന്ത്രിസ്ഥാനങ്ങളോ, അല്ലാ പാർട്ടിയുടെ രാഷ്ട്രീയലാഭമാണ് അവരെ സ്വാധീനിച്ചത്.

നിയമ സഭാംഗങ്ങൾ രണ്ടു കക്ഷികളായിത്തിരിഞ്ഞതിനിടയിൽ വ്യക്തിത്വം പുലർത്തിക്കൊണ്ടു തങ്ങളാണ് യഥാർത്ഥ കോൺഗ്രസ്സുകാർ എന്നുവരുത്താനായിരുന്നു സിൻഡിക്കേററുകാരുടെ ശ്രമം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെക്കൊണ്ടും കുറുമുന്നണിക്കാരെക്കൊണ്ടും അവർ തങ്ങളുടെ പ്രാധാന്യം അംഗീകരിപ്പിച്ചു. കൊടിലുകൊണ്ടു് പോലും തൊടാൻ പാടില്ലാത്തവരാണ് തങ്ങളെന്നു അധിക്ഷേപിച്ചവരെയെല്ലാം അവർ ആശ്രിതരാക്കിമാററി. സിൻഡിക്കേററ് നേതാവ് ടി. ഓ. ബാവയും മുഖ്യമന്ത്രി അച്യുതമേനോനും അവസാന നിമിഷം നടത്തിയ ദീർഘമായ കൂടിയാലോചനകൾക്കു ശേഷമാണ് സിൻഡിക്കേററുകാർ നിഷ്പക്ഷത പാലിച്ചതു്. നിഷ്പക്ഷതക്കിടയിലും നിയമ സഭയിൽ സിൻഡിക്കേററ് നേതാവ് ഡോക്ടർ ജോർജ്

**നന്നായി, ഒന്നാംതരം, ഇഷ്ടപ്പെട്ടു എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ മാത്രം പ്രകടിപ്പിക്കുന്ന കത്തുകൾ കഴിവതും ഒഴിവാക്കണമെന്നു് അഭ്യർത്ഥിക്കുന്നു. വാരികയിൽ ലേഖനങ്ങളെക്കുറിച്ച് ഗൗരവപൂർവ്വം നിരൂപണം നടത്തി അഭിപ്രായങ്ങൾ എഴുതി അറിയിക്കണമെന്നാണ് ആഗ്രഹിക്കുന്നതു്. വായനക്കാരുടേയും പൊതുജനങ്ങളുടേയും ശ്രദ്ധയാകർഷിക്കണമെന്നാഗ്രഹിക്കുന്ന സംഭവങ്ങളെക്കുറിച്ചും എഴുത്തുകൾ അയക്കാവുന്നതാണ്. പ്രസിദ്ധപ്പെടുത്താൻ പാടില്ലാത്ത കത്തുകളാണെങ്കിൽ ആ വിവരം പ്രത്യേകം എഴുതിയിരിക്കണം. എല്ലാ കത്തുകളിലും പൂർണ്ണമായ മേൽവിലാസം എഴുതുക.**

**—പത്രാധിപർ.**

തോമസ്സ് ചെയ്ത പ്രസംഗമായിരുന്നു രാഷ്ട്രീയ തന്ത്രമെന്ന നിലയിൽ ഏററവും മികച്ചുനിന്നത്.

മറെറല്ലാ കക്ഷികളുടെയും നേതാക്കളെയപേക്ഷിച്ച് ഡോക്ടർ ജോർജ് തോമസ്സ് ചില കാര്യങ്ങൾ വിശകലനം ചെയ്തു കാണിക്കുകയുണ്ടായി. അതിലേററവും പ്രധാനപ്പെട്ടത് നവമ്പർ 1നു-യധികാരത്തിൽ വന്ന മന്ത്രിസഭക്കു മൂന്നുനാലു മാസത്തിനുള്ളിൽ വിശ്വാസ പ്രമേയം അവതരിപ്പിക്കേണ്ടി വന്നതിനുണ്ടായ സാഹചര്യം 'കുറുമുന്നണി'യിലെ ശേഷൻ-കുറുപ്പ് വക്കാണമാണെന്നു. മന്ത്രിസഭയെ താങ്ങിനിർത്തേണ്ടുന്ന ചുമതല പ്രതിപക്ഷത്തിനുണ്ടെന്നു ഉപദേശിക്കാൻ 'സ്വർഗ്ഗവും നരകവും ഇളക്കിവിട്ട' മുഖപ്രസംഗക്കാരെ അദ്ദേഹം കളിയാക്കി. മാർക്സിസ്റ്റുകാരുമായി കൂട്ടുചേരരുതെന്നു അഭ്യർത്ഥനനടത്തുന്ന കുറുമുന്നണിക്കാർ ഇത്രയുംകാലം മാർക്സിസ്റ്റുകാരുടെ നിയന്ത്രണത്തിലുള്ള മന്ത്രിസഭയിൽ പങ്കാളികളായിരുന്നില്ലേയെന്ന് അദ്ദേഹം ചോദിച്ചപ്പോൾ ആർക്കും മറുപടിയുണ്ടായിരുന്നില്ല. മാർക്സിസ്റ്റ് മന്ത്രിസഭയുടെ കാലത്ത് ഉണ്ടായിയെന്നു പറയപ്പെടുന്ന എല്ലാ തകരാറുകൾക്കും ഇന്നത്തെ ഭരണ കക്ഷിക്കാർ കൂടി ഉത്തരവാദികളായിരുന്നുവെന്നു അദ്ദേഹം സ്ഥാപിച്ചു. മന്ത്രിസഭയെ നിലനിർത്തുന്നതിനുവേണ്ടി പി. കെ. കുഞ്ഞിന്റെ പേരിലുള്ള അന്വേഷണോത്തരവ് പിൻവലിച്ചിട്ടുണ്ടെങ്കിൽ, ആരോപണമുന്നയിച്ചവരായ കെ. ടി. ജോർജിനും പി. പി. വിത്സനും മന്ത്രിസഭയ്ക്കനുകൂലമായി എങ്ങിനെ കൈപൊക്കാൻ കഴിയുമെന്നും ഡോക്ടർ ജോർജ് തോമസ്സ് ചോദിച്ചു.

എല്ലാററിനുമുപരിയായി ഇ. എം. എസ്സ് പോലും വിട്ടുപോയ സുപ്രധാനമായ ഒരു കാര്യം സിൻഡിക്കേററ് നേതാവ് എടുത്തുകാണിക്കുകയുണ്ടായി. മന്ത്രിസഭയെ അനുകൂലിച്ചു പ്രസംഗിച്ചവരാരും തന്നെ ഗവർമ്മെണ്ടിന്റെ നേട്ടങ്ങളെ ഉയർത്തിപ്പിടിക്കുന്നവയായിരുന്നില്ലെന്നു അദ്ദേഹം വ്യക്തമാക്കി. കോൺഗ്രസ്സിന്റെ പിന്തുണയോടെ മാത്രമാണ് അച്ചുതമേനോൻ മന്ത്രിസഭ നിലനിൽക്കുന്നതെന്നും ഡോക്ടർ ജോർജ് തോമസ്സ് സ്ഥാപിച്ചു. അവസാനം പോസ്റ്റ് ഡേററഡ് മരണവാറണ്ടാണ് വിശ്വാസപ്രമേയമെന്നു അനർത്ഥമായ താക്കീതും അദ്ദേഹം മന്ത്രിസഭക്കു നൽകി. സിൻഡിക്കേററുകാരുടെ രാഷ്ട്രീയ നയത്തിനനുസൃതമായി കാര്യങ്ങൾ ഭംഗിയായി ഡോക്ടർ ജോർജ് തോമസ്സ് അവതരിപ്പിച്ചു. അവർക്കെതിരായി വിമർശനം നടത്താവുന്നവരുടെയെല്ലാം വായ്മൂടികെട്ടിയശേഷമാണ് സിൻഡിക്കേററുകാർ നിയമസഭയിലെത്തിയിരുന്നതും. തങ്ങൾ എതിർത്തു വോട്ടു ചെയ്താലും പാസ്സാകുമായിരുന്നില്ലെന്നതിനാലാണ് നിഷ്പക്ഷത പാലിച്ചതെന്നു വരുത്താനും സിൻഡിക്കേററുകാർക്കു സാധിച്ചിട്ടുണ്ട്.

പുറമേക്കു പ്രകടമാക്കിയ ഈ രാഷ്ട്രീയ തന്ത്രങ്ങൾക്കു പുറമെ സിൻഡിക്കേററുകാർ ദീർഘകാലാടിസ്ഥാനത്തിൽ തങ്ങൾക്കനുകൂലമായ വിലപേശൽ നടത്തിയിട്ടുണ്ടോയെന്നു അറിഞ്ഞുകൂട. അവർ ഇതേവരെ കാണിച്ച സാമർത്ഥ്യം നോക്കുമ്പോൾ ഒരു പക്ഷെ, അതു് സംഭവിച്ചിട്ടുണ്ടാകാം. അന്ത്യനിമിഷത്തിൽ കുറുമുന്നണിക്കാരുമായി നടത്തിയ കൂടിയാലോചനകൾ 1972 ലെ പൊതുതെരഞ്ഞെടുപ്പിനെ കണ്ണുവെച്ചുകൊണ്ടുള്ളതായി കൂടായ്കയില്ല, തങ്ങളുമായി ഐക്യമുന്നണിയുണ്ടാക്കണമെന്നു മന്ത്രിസഭയിൽ പങ്കാളികളായ മുസ്ലീംലീഗ് കേരളാ കോൺഗ്രസ്സ് കക്ഷികളെ നിർബ്ബന്ധിക്കാൻ സിൻഡിക്കേററുകാർക്കു ഈ സന്ദർഭത്തിൽ സാധിച്ചിട്ടുണ്ടെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം അത് വലിയ നേട്ടം തന്നെയാണ്. അതേസമയം തന്നെ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിക്കാർക്കായാലും ശരി തങ്ങൾ തൊട്ടുകൂടാത്തവരൊന്നുമല്ലെന്നും അവർ തെളിയിച്ചു. തങ്ങളെ അവഗണിച്ചു തള്ളിക്കളയാമെന്നു പള്ളിയും പത്രങ്ങളും വിചാരിക്കേണ്ടതില്ലെന്നും അവർ മനസ്സിലാക്കിക്കൊടുത്തു.

അത്രയും വിജയം തന്നെ. പക്ഷെ സിൻഡിക്കേററുകാരനായിരുന്ന ഒരു എം. എൽ. എ. ഈ കളിക്കിടയിയിൽ കൈവിട്ടു പോയി. ഇത് സിൻഡിക്കേററുകാരെ സംബന്ധിച്ചിടത്തോളം ഒരു നഷ്ടം തന്നെയാണ്. കാരണം ഇന്ത്യയിലെ മറെറല്ലാ സംസ്ഥാനങ്ങളേയും അപേക്ഷിച്ച് കേരളത്തിൽ സിൻഡിക്കേററുകാർക്കുണ്ടായിരുന്ന പ്രത്യേകത നിയമ സഭാ കക്ഷിനേതാവ് ഇന്ദിരാഗന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സിന്റെ കൂടെ ച്ചേർന്നപ്പോഴും ഭൂരിപക്ഷം എം. ൽ. എ. മാർ സിൻഡിക്കേററ്കാർ ആയിത്തുടർന്നതാണ്.. മററുള്ള എല്ലാസംസ്ഥാനങ്ങളിലും തന്നെ നിയമസഭാകക്ഷി നേതാവ് ഏതു ഭാഗത്ത് ചേർന്നുവോ ആ ഭാഗത്താണ് ഭൂരിഭാഗം കോൺഗ്രസ്സ് എം. എ. എൽ. മാരും ചേർന്നത്. കരുണാകരന്റെ നേതൃത്വത്തിലുള്ള എം. എൽ. എ. മാർ നാലുപേർ മാത്രമായിരുന്നതു് ഇപ്പോൾ അഞ്ചുപേരായിട്ടുണ്ട്. ഇതിനും പുറമെ സിൻഡിക്കേററ് അവസാനനിമിഷം അതിന്റെ യഥാർത്ഥ വർഗ്ഗസ്വഭാവം പ്രകടമാക്കുകയും ചെയ്തു. ടി. ഒ. ബാവയും സിൻഡിക്കേററ് സെക്രട്ടറിമാരും ആവർത്തിച്ചാവർത്തിച്ചു പറഞ്ഞതിനു വിപരീതമായി നിഷ്പക്ഷത പാലിച്ചതിന്റെ ഫലമായി കേരളാകോൺഗ്രസ്സിനേയും മുസ്ലീംലീഗിനേയും തങ്ങളുടെ കൂടെ കൂട്ടാൻ നാളെ സിൻഡിക്കേററുകാർക്കു സാധിച്ചെന്നുവരാം.

വിശ്വാസ പ്രമേയത്തിന്റെ വിജയം മാർക്സിസ്റ്റ് അണികളെ താൽക്കാലികമായി നിരാശരാക്കിയേക്കാം. എന്നാലും ഈ മന്ത്രിസഭയുടെ യഥാർത്ഥ സ്വഭാവം തുറന്നു കാണിക്കാൻ മാർക്സിസ്റ്റുകാർക്കു കഴിഞ്ഞിട്ടുണ്ട്. ഇ. എം. എസ്സ്. ചെയ്ത പ്രസംഗത്തിൽ ഏററവും ശക്തമായ ആക്ഷേപം പി. കെ. കുഞ്ഞിനെ പരാമർശിക്കുന്നതാണ്. ''രക്ഷപ്പെട്ടതാനുള്ള ശ്രമത്തിനിടയിൽ കണക്കു നോക്കി വേണ്ട സമയത്തു് കച്ചവടം നടത്തി ലാഭമടിച്ച കുഞ്ഞിനെ ഞാൻ അഭിനന്ദിക്കുന്നു. ഇനിയെങ്കിലും അഴിമതിയുടെ കാര്യം പറഞ്ഞത് ദയവ് ചെയ്ത് ഇങ്ങോട്ടു വരരുത്'' എന്ന് ഇ. എം. എസ്സ്. പറഞ്ഞതിനു എന്തു മറുപടിയാണ് ഭരണ കക്ഷിക്കാർക്കും കോൺഗ്രസ്സുകാർക്കും നൽകാൻ കഴിയുക? മന്ത്രിയായിരുന്ന വില്ലിങ്ടണിന്റെ പേരിലുണ്ടായ അഴിമതിയാരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തമെന്നു പ്രമേയം പാസ്സാക്കാൻ യോജിച്ചുനിന്നവരാണല്ലോ അവരെല്ലാം. ആ പ്രമേയം പാസ്സായതാണ് കുറുമുന്നണി മന്ത്രിസഭതന്നെ അധികാരത്തിൽ വരാൻ ഇടയായതു്. അന്നത്തെ അഴിമതി വിരോധത്തിൽ കുറുമുന്നണിക്കാർക്കും കോൺഗ്രസ്സിനും ആത്മാർത്ഥതയുണ്ടായിരുന്നില്ലേ? കുഞ്ഞിന്റെ പേരിൽ അന്വേഷണം നടത്തേണ്ടതായ അഴിമതിയാരോപണമുണ്ടായിട്ടുണ്ടെന്നു ഈ നാട്ടിൽ ഹൈക്കോടതിക്കൊഴികെ എല്ലാവർക്കും ഏകാഭിപ്രായമാണുള്ളത്. മുഖ്യമന്ത്രി അച്ചുതമേനോൻതന്നെ അന്വേഷ

(ശേഷം 13-ാം പേജിൽ)

# 3. ഇന്ത്യയിലെ മുസ്‌ലീമുകളുടെ മനസ്സ് അറിയുവാൻ

ഇന്ത്യയിലെ മുസ്‌ലീമുകളുടെ പ്രശ്നത്തേയും അതിനുള്ള പരിഹാരത്തേയും കുറിച്ച് ചുരുക്കത്തിലുള്ള അവലോകനമായിരുന്നു കഴിഞ്ഞ ലേഖനം. ഒരു രോഗത്തിന്റെ ലക്ഷണം ഞാൻ വിവരിച്ചു. രോഗമെന്താണെന്നു പറയാതെ തന്നെ അതിനുള്ള ചികിത്സയും നിർദ്ദേശിച്ചു. അങ്ങിനെ ചെയ്യാനുള്ളയൊരു കാരണം തുടക്കത്തിൽ തന്നെ പ്രശ്നത്തിന്റെ ചില വശങ്ങളിലേക്കു ശ്രദ്ധകേന്ദ്രീകരിപ്പിക്കുകയായിരുന്നു. അവസാനത്ത് നിന്നു ആരംഭത്തിലേക്കു ഒരു പ്രശ്നത്തെക്കുറിച്ച് ചർച്ച നടത്തുമ്പോൾ ചില അബദ്ധങ്ങളിൽ ചെന്നു ചാടാതിരിക്കാൻ പററില്ലെന്നു കാണിക്കണമെന്നും ഞാൻ കരുതിയിരുന്നു. തുറന്ന മനസ്സോടെ ചിട്ടയായ രീതിയിൽ, ചർച്ച നടത്തുന്നതിനുവേണ്ടി, വിമർശനാത്മകമായ ആത്മപരിശോധന നടത്താൻ എന്റെ മുസ്‌ലീം സുഹൃത്തുക്കളെ ക്ഷണിക്കണമെന്നതായിരുന്നു എന്റെ മുഖ്യമായ ഉദ്ദേശം.

മുസ്‌ലീം നേതാക്കളുടെ വാദങ്ങൾ എപ്പോഴും കോടതിയിൽ പ്രതിഭാഗം വക്കീൽ നടത്തുന്ന വാദങ്ങളുടെ രീതിയിലുള്ളതാണെന്നു ഞാൻ അനുഭവത്തിൽ നിന്നു മനസ്സിലാക്കിയിട്ടുണ്ട്. നീതിന്യായക്കോടതിയിൽ വക്കീലിന്റെ ഒരേയൊരു ലക്ഷ്യം കേസ് ജയിക്കലാണ്. അവസാനത്തിൽ വിധി കൽപിക്കുന്ന മൂന്നാം കക്ഷിയായ ജഡ്ജിയോടാണ് എല്ലാ വാദങ്ങളും നടത്തുന്നതു്. കൊലക്കുററം ആരോപിക്കപ്പെട്ട പ്രതിക്കുവേണ്ടി ഫലപ്രദമായി ഒരു വക്കീൽ വാദം നടത്തുന്നുവെങ്കിൽ, യഥാർത്ഥത്തിൽ കൊലപാതകിയാണെന്നിരുന്നാലും വക്കീലിന്റെ കക്ഷിയായ പ്രതിയെ വിട്ടയക്കാറുണ്ട്. ഇത്തരം വാദങ്ങളിൽ ഏകലക്ഷ്യം ജഡ്ജിയെ ബോദ്ധ്യപ്പെടുത്തുകയെന്നതാണ്. മിക്കവാറും ഇതേ രീതിയിലാണ് ഇന്ത്യയിലെ മുസ്‌ലീം നേതാക്കളുടെ വാദവും. ഒടുക്കം ഏതെങ്കിലും ജഡ്ജി തങ്ങൾക്കനുകൂലമായി വിധി എഴുതുമെന്നു അവർ പ്രതീക്ഷിക്കുന്നുണ്ടോ, ആവോ. ഉദാഹരണത്തിനു, ഇന്ത്യയുടെ വിഭജനത്തിനു മുസ്‌ലീമുകൾ ഉത്തരവാദികളായിരുന്നില്ലെന്ന വിചിത്രമായ വാദം മുസ്‌ലീം നേതാക്കൾ ഉന്നയിക്കുന്നു. ഹിന്ദുക്കൾ മാത്രമാണ് അതിനു ഉത്തരവാദികളെന്നു പോലും അവർ വാദിക്കുന്നു. വിഭജനത്തിനു കൂടുതൽ ഉത്തരവാദികൾ യഥാർത്ഥത്തിൽ ആരാണെന്നതു സംബന്ധിച്ച് വ്യത്യസ്തമായ വാദങ്ങൾ തീർച്ചയായും ഉണ്ടാകാം. പക്ഷെ ഉപഭൂഖണ്ഡത്തെ വിഭജിക്കുന്നതിനു മുസ്‌ലീമുകൾ ഉത്തരവാദികളായിരുന്നില്ലെന്നു വാദിക്കുന്നതു് യാഥാർത്ഥ്യത്തിനു നിരക്കുന്നതല്ല. മുസ്‌ലീമുകൾ ഇതുപറയുമ്പോൾ, തങ്ങൾ വിഭജനത്തിനു ഉത്തരവാദികളായിരുന്നില്ലെന്നു മാത്രമല്ലാ പറയാൻ ഒരുമ്പെടുന്നതു അവരുടെ അവകാശവാദം കുറെക്കൂടി കടന്നതാണ്, ഉപഭൂഖണ്ഡം വിഭജിക്കണമെന്നാവശ്യപ്പെട്ടവർ മുസ്‌ലീമുകളല്ലായിരുന്നുവെന്നു വാദിക്കാനും അവർക്കു ആഗ്രഹമുണ്ട്.

ഇന്ത്യയിലെ മുസ്ലീം നേതാക്കളുടെ വാദങ്ങളിലേയ്ക്കും വിചിത്രമായ പെരുമാററത്തിലേയ്ക്കും വിരൽ ചൂണ്ടുന്ന ചില സൂചനകൾ ചരിത്രം നൽകുന്നുണ്ട്. ബ്രിട്ടീഷുകാരുടെ പിന്തുണയോടുകൂടി ഇന്ത്യയിലെ മുസ്ലീമുകൾ എപ്പോഴും തങ്ങളുടെ ആവശ്യങ്ങൾ ഹിന്ദുക്കളുടെ മേൽ കെട്ടിയേൽപ്പിക്കാൻ ശ്രമിച്ചു. ജഡ്ജിയുടെ നിലയിലുള്ള മൂന്നാം കക്ഷിയായിരുന്നു ബ്രിട്ടീഷുകാർ. ബ്രിട്ടീഷുകാരുടെ മുമ്പിൽ ഫലപ്രദമായി തങ്ങളുടെ വാദങ്ങൾ ഉന്നയിച്ചാൽ മതിയായിരുന്നു മുസ്ലീമുകൾക്ക്. ഹിന്ദു–മുസ്ലീം പ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളുടെ സമ്പൂർണ്ണമായ ചരിത്രം ഓർത്തുനോക്കിയാൽ ആർക്കും ഇതെളുപ്പത്തിൽ ബോദ്ധ്യമാകും. മുസ്ലീമുകളുടെ ആവശ്യങ്ങൾ അനുവദിച്ചുകൊടുക്കാതെ, ഹിന്ദുക്കൾക്ക് സ്വാതന്ത്ര്യം നൽകരുതെന്നു ശാഠ്യം പിടിച്ചത് മുസ്‌ലീം നേതാക്കളായിരുന്നു. ഈ തർക്കത്തിൽ ഒരു മൂന്നാം കക്ഷിയാണ് വിധികല്പിക്കേണ്ടതെന്നു മനസ്സിലാക്കിയപ്പോൾ, സ്വന്തം അഭീഷ്ടം സാധിക്കുന്നതിനനുകൂലമായി തുലാസിന്റെ തട്ട് തൂങ്ങുന്നതിനുവേണ്ടി തത്വദീക്ഷയില്ലാത്ത, മിഥ്യാവാദം കൊണ്ടുവരാനും അവർ തയാറായി. സ്വാതന്ത്ര്യത്തിനുവേണ്ടി ദാഹിച്ചിരുന്ന ഹിന്ദുക്കൾ അവരുടെ ആവശ്യം അനുവദിച്ചുകൊടുത്തു. മൂന്നാം കക്ഷി എങ്ങിനെ അവരുടെ തീരുമാനത്തിലെത്തിച്ചേർന്നുവെന്നതിനു ആലോചിക്കത്തക്ക പ്രാധാന്യമൊന്നുമില്ല. മൂന്നാം കക്ഷിയിൽനിന്നു തങ്ങൾക്കനുകൂലമായി മുസ്‌ലീമുകൾ വിധി സമ്പാദിച്ചുവെന്ന് ഓർത്തിരിക്കേണ്ടത് പ്രധാന കാര്യമാണ്. ഹിന്ദുഭൂരിപക്ഷവുമായി സഹകരിച്ച് മുസ്‌ലീമുകളാണ് സ്വയം തീരുമാനമെടുക്കേണ്ടതെന്നു ആലോചിക്കാൻ പോലും അവർ നിന്നില്ല. ഒരു വ്യവഹാരകാര്യമെന്നനിലക്കാണ് അവർ തർക്കത്തെ സമീപിച്ചത്. തർക്കം രാജിയാകാനുള്ള സാദ്ധ്യതയുണ്ടെന്നുപോലും ആലോചിക്കാൻ സാധിച്ചില്ല.

ചുരുക്കത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പ്രസ്ഥാനത്തെ തടസ്സപ്പെടുത്തുകയെന്ന ഗുരുതരമായ പാപമാണു മുസ്ലീമുകൾ ചെയ്തത്. മൂന്നാം കക്ഷിയുടെ സാന്നിദ്ധ്യത്തിൽ നിന്നു അവർ അനർഹമായ ആനുകൂല്യങ്ങൾ കൈക്കലാക്കി. ഹിന്ദുക്കളുമായി രമ്യപ്പെടാൻ അവർ വിസമ്മതിച്ചു. ഉപഭൂഖണ്ഡത്തിലെ മുസ്ലീമുകളാകെ ഇതിനു ഉത്തരവാദികളാണ്. പക്ഷെ ഇന്ത്യയിലെ മുസ്ലീമുകളും പാകിസ്ഥാനിലെ മുസ്ലീമുകളും തമ്മിൽ പ്രധാനമായ ഒരു വ്യത്യാസമുണ്ട്. തല തിരിഞ്ഞ ഈ പ്രക്ഷോഭണത്തിന്റെ ഭവിഷ്യത്തുക്കൾ പാകിസ്ഥാനിലെ മുസ്ലീമുകൾക്ക് അനുഭവിക്കേണ്ടി വന്നില്ല. വാസ്തവത്തിൽ, പ്രക്ഷോഭണം വിജയിച്ചാൽ അവർക്കാണു ഗുണമുണ്ടാകുക അതുകൊണ്ട്, ഇന്ത്യയിൽ തുടരേണ്ടി വരുമായിരുന്ന മുസ്ലീമുകൾക്കു ഭവിഷ്യത്തുകൾ അനുഭവിക്കേണ്ടിവരുന്ന തെററായ നടപടി പാകിസ്ഥാനിലെ മുസ്ലീമുകൾ മനപൂർവ്വം സ്വീകരിച്ചുവെന്നു പറയണം.

പക്ഷെ, ഇന്ത്യയിലെ മുസ്ലീമുകൾ ഇതിലും ഘോരമായ പാപം ചെയ്തിട്ടുണ്ട്.

★ മുസ്ലീം പോളിററിക്സ് ഇൻ ഇന്ത്യ

ഹമീദ് ദൽവായ്

നചികേത പബ്ളിക്കേഷൻസ്
സ്ലിററർ റോഡ്,
ബോംബേ–7.

(കഴിഞ്ഞ ലക്കത്തിൽ നിന്നു തുടർച്ച)

അവർ മൂന്നാമതൊരു കക്ഷിയെ ആശ്രയിച്ചുവെന്നു മാത്രമല്ല, മുസ്ലീമുകൾക്കു ഭൂരിപക്ഷമുള്ള പ്രവിശ്യകൾ ചേർത്തു് പ്രത്യേകം രാഷ്ട്രമുണ്ടാക്കുന്നതിനു വേണ്ടിയുള്ള ഒരു പ്രസ്ഥാനത്തിൽ പങ്കെടുക്കുകയും ചെയ്തു. ചുരുക്കത്തിൽ, തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു, ഇന്ത്യയിലെ മുസ്ലീമുകൾ മുഴുവൻ ബ്രിട്ടീഷുമായും മുസ്ലീമുകൾക്കു ഭൂരിപക്ഷമുള്ള പ്രവിശ്യകളുമായും ഒരു ധാരണയിലെത്തി. ഹിന്ദുക്കളുമായി ഏതെങ്കിലും തരത്തിൽ രാജിയാകാൻ അവർ കൂട്ടാക്കിയില്ല.

ഈ ധാരണ എതുതരത്തിലുള്ളതായിരുന്നു.? തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു, മുസ്ലീമുകൾക്കു ഭൂരിപക്ഷമുള്ള പ്രവിശ്യകൾ കൂട്ടിച്ചേർത്തു ഒരു പരമാധികാര സ്വതന്ത്രരാഷ്ട്രം സ്ഥാപിക്കണമെന്നു ഉപഭൂഖണ്ഡത്തിലെ മുസ്ലീമുകൾ വാദിച്ചു. പുതിയ ഈ രാഷ്ട്രീയത്തിൽ ഹിന്ദുക്കൾ ന്യൂനപക്ഷമായിരിക്കണം. ആ വഴിക്കു മാത്രമേ, ഇന്ത്യയിലെ മസ്ലീമുകൾക്കു സുരക്ഷിതത്വമുണ്ടാകുകയുള്ളുവെന്നും അവർ തുടർന്നു വാദിച്ചു. ഈ വാദമാണു് ഹോസ്റ്റേജ് സിദ്ധാന്തമെന്നറിയപ്പെടുന്നത്. മദ്ധ്യകാലങ്ങളിൽ മനുഷ്യരെ 'ഹോസ്റ്റേജ്ജ്'കളായിപ്പിടിച്ചുവെക്കുന്ന ക്രൂരവും മനുഷ്യത്വമില്ലാത്തതുമായ പ്രവർത്തി സാധാരണമായി നടന്നു വന്നിരുന്നു. തങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിനുള്ള ഉപഭൂഖണ്ഡത്തിലെ മുസ്ലീമുകൾ ഈ പഴയ നടപടിയവലംബിച്ചത് അത്യന്തം ദുഃഖകരമാണ്.

പിടിച്ചുവെക്കപ്പെട്ടവരെന്ന നിലയിലെങ്കിലും കുറച്ചു് ഹിന്ദുക്കൾ ഉണ്ടായിരിക്കേണ്ടതു് ആവശ്യമായിരുന്നെങ്കിലും, പാക്കിസ്ഥാൻ സ്വന്തം പ്രദേശത്ത് ഗണ്യമായ ഒരു സംഘം ഹിന്ദുക്കളെ ജീവിക്കാൻ അനുവദിച്ചില്ല. മുസ്ലീമുകൾ 'ഹോസ്റ്റേജ്' സിദ്ധാന്തം പരീക്ഷിച്ചുനോക്കാൻ തീരുമാനിച്ചതുകൊണ്ടു് മാത്രമാണ് ഉപഭൂഖണ്ഡം വിഭജിക്കാൻ നിശ്ചയിച്ചതെങ്കിലും ഇതാണ് സംഭവിച്ചത്. ഇന്ത്യയിലും പാക്കിസ്ഥാനിലും ന്യൂനപക്ഷ പ്രശ്നങ്ങളുണ്ടാകുന്നതാണ് ഈ സിദ്ധാന്തമെന്നു ആ സമയത്ത് പലരും മുന്നറിയിപ്പ് നൽകിയിരുന്നു. ന്യൂനപക്ഷക്കാരുടെമേൽപകവീട്ടുന്നതിനെ ആശ്രയിച്ചുള്ളതാകും രണ്ടു് രാജ്യങ്ങളിലേയും രാഷ്ട്രീയമെന്നായിരുന്നു ഈ മുന്നറിയിപ്പ്. വിഭജനത്തിനു മുമ്പ് പ്രസിദ്ധപ്പെടുത്തിയ ഒരു പുസ്തകത്തിൽ പ്രമാണിയായ ഒരു മുസ്ലീം ബുദ്ധിജീവി ഈ മുന്നറിയിപ്പ് കൊടുത്തിട്ടുണ്ട്. ഇപ്പോൾ ഒറീസ്സയിൽ ഗവർണ്ണറായിട്ടുള്ള ഷൌക്കത്തുള്ള അൻസാരി 1944ൽ പ്രസിദ്ധപ്പെടുത്തിയ 'പാക്കിസ്ഥാൻ–ഇന്ത്യയുടെ ഒരു പ്രശ്നം' എന്ന പുസ്തകത്തിൽ സുപ്രധാനമായ അഭിപ്രായം പറഞ്ഞിരുന്നു. ഉപഭൂഖണ്ഡം വിഭജിക്കപ്പെടുന്നുവെങ്കിൽ, തീർത്താൽ തീരാത്ത വിധം തലമുറകളോളം നീണ്ടുനിൽക്കുന്ന കടുത്ത പക ഉളവാക്കുന്ന സാഹചര്യത്തിലായിരിക്കും അത് നടക്കുകയെന്നു അദ്ദേഹം പ്രവചിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രവചനം എത്ര ശരിയായിരുന്നുവെന്നതിനു നാമൊക്കെ സാക്ഷികളാണ്.

മുസ്ലീം ലീഗ് ആവിഷ്കരിച്ച സിദ്ധാന്തത്തിനനുസരിച്ച് ഇന്ത്യയിലെ മുസ്ലീമുകൾ 'ഹോസ്റ്റേജ്'കളായി (പിടിച്ചുവെക്കപ്പെട്ടവരായി) നിലകൊള്ളാമെന്നു സമ്മതിച്ചു. ഇന്ത്യയിലെ മുസ്ലീമുകൾ ഇപ്പോൾ അതിനെപ്പററി എന്തിനു പരാതിപ്പെടുന്നു? ഈ സിദ്ധാന്തം മുഴുവൻ തെററായിരുന്നുവെന്നു ഇപ്പോൾ അവർ സമ്മതിക്കുന്നുണ്ടോ? ഇല്ല, അവരുടെ ഏകപരാതി ഹിന്ദുക്കൾ സിദ്ധാന്തം നടപ്പാക്കി തുടങ്ങിയിരിക്കുന്നുവെന്നാണ്. ഹിന്ദുക്കൾക്കു തന്നെ ഈ സിദ്ധാന്തം ഇഷ്ടമല്ലെന്ന കാര്യം അവരെ അലട്ടുന്നില്ല, സിദ്ധാന്തം തങ്ങളെ ബാധിക്കരുതെന്നു മാത്രമേ അവരാവശ്യപ്പെടുന്നുള്ളൂ. ഈ സിദ്ധാന്തമനുസരിച്ച് എല്ലാ മുസ്ലീം നേതാക്കളും ഇന്ത്യയിൽ മുസ്ലീം വിരുദ്ധ ലഹളയുണ്ടാകരുതെന്നു ആവശ്യപ്പെടുന്നു. പാക്കിസ്ഥാനിലെ ഹിന്ദുക്കളുടെ വിധിയെക്കുറിച്ച് ആരെങ്കിലും ചോദിച്ചാൽ അവർ അതു് തള്ളിക്കളയും. കാര്യങ്ങളെ സത്യസന്ധമായും നീതിപൂർവ്വമായും കാണാൻ കഴിവുള്ള വിശാലബുദ്ധികളായ ഒരു കൂട്ടമാളുകൾ ഇന്ത്യയിലെ മുസ്ലീമുകളിലില്ലെന്നു ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു. പാക്കിസ്ഥാനിലെ ഹിന്ദുക്കളോട് നീതിപൂർവ്വമല്ലാതെ പെരുമാറുന്നില്ലെന്നു വാദിച്ചുകഴിഞ്ഞാൽ ഇന്ത്യയിലെ മുസ്ലീമുകൾക്കു തൃപ്തിയായി. പാക്കിസ്ഥാനിലെ ഹിന്ദുക്കളോടു് കാണിക്കുന്ന അനീതിക്കു ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചാൽ, ഇന്ത്യയിലെ മുസ്ലീം നേതാക്കൾക്കു ഉടനെയൊരു ഉത്തരമുണ്ട്. അതു് പാക്കിസ്ഥാന്റെ പ്രശ്നമാണെന്നും തങ്ങൾക്കു അതുമായി ഒരു ബന്ധവുമില്ലെന്നും അവർ പറയും. നേരെമറിച്ച്, പാക്കിസ്ഥാൻ നോക്കേണ്ടതും തങ്ങൾക്ക് ഒരു കാര്യവുമില്ലാത്തതുമായ പ്രശ്നം പൊന്തിച്ചുകൊണ്ടു് വന്നതിനു അവർ ചോദ്യകർത്താവിനെ വിമർശിക്കും.

ഇവിടെ ഒരു ചോദ്യം വരുന്നുണ്ട്: പാക്കിസ്ഥാനിലെ ഹിന്ദുക്കളോട് അർഹമായ നീതി കാണിക്കുന്നുണ്ടെന്നു്, പ്രത്യക്ഷത്തിൽ തന്നെ തെററായ വാദം ഇന്ത്യയിലെ മുസ്ലീമുകൾ കൊണ്ടുവരുന്നതെന്തിനു്? തങ്ങൾക്കു സമ്പൂർണ്ണമായ നീതിലഭിക്കുന്നതിനു ഹിന്ദുക്കളുടെ മനസ്സാക്ഷിയെ അവലംബിക്കാൻ നേരത്തേ ഇന്ത്യയിലെ മുസ്ലീമുകൾ വിസമ്മതിച്ചത് എന്തിനാണ്? ആദ്യത്തെ ചോദ്യം തൊട്ട് തുടങ്ങാം. പാക്കിസ്ഥാനിലെ ഹിന്ദുക്കൾക്ക് അർഹമായ നീതി കിട്ടുന്നുണ്ടെന്നു വാദിക്കുന്നവർ, ഈ പ്രശ്നം മുഴുവൻ ഇപ്പോഴും കോടതിയിൽ വിചാരണയിലിരിക്കയാണെന്നു കരുതുന്നവരാണ്. അവർ ഇപ്പോഴും വിചാരിക്കുന്നതു് വേണ്ടത്ര ശക്തിപൂർവ്വം വാദിച്ചാൽ, തങ്ങൾക്ക് അനുകൂലമായി വിധി നൽകാനുള്ള ഒരു മൂന്നാം കക്ഷിയുണ്ടെന്നാണ്. ഒരുപക്ഷെ, സത്യസന്ധമായിരിക്കാം അവരുടെ വിചാരം. പക്ഷെ അതിനു യാഥാർത്ഥ്യവുമായി ബന്ധമില്ലെന്ന കാര്യത്തിൽ സംശയമില്ല. മൂന്നാം കക്ഷി ഇന്ത്യാ ഭൂഖണ്ഡം വിട്ടുപോയിക്കഴിഞ്ഞുവെന്നു പ്രകടമായ വസ്തുത അവർ കാണുന്നില്ല. തർക്കത്തിലെ പ്രതിഭാഗമാണ് ഇന്ത്യയിൽ ആ സ്ഥാനത്തു് വന്നിട്ടുള്ളതെന്നും അവർ കാണുന്നില്ല. ഇപ്പോൾ ജഡ്ജിമാരുടെ സ്ഥാനത്തുള്ളതു് ഹിന്ദുക്കളാണ്. ഇന്ത്യയിലെ മുസ്ലീമുകൾ പ്രതീക്ഷിക്കുന്നതു് നീതി കിട്ടണമെന്നാണെങ്കിൽ, അവർ ഹിന്ദു ഭൂരിപക്ഷത്തിന്റെ വിശ്വാസമാർജ്ജിക്കണം. അവരുക്കു സന്മനോഭാവമുണ്ടാക്കണം. നിയമക്കോടതിയിൽ വക്കീൽമാർ ഉന്നയിക്കുന്ന തരത്തിലുള്ള വാദങ്ങൾ നടത്തിയാൽ നീതിനേടിയെടുക്കാൻ സാധിക്കുമെന്നു ഈ മുസ്ലീം നേതാക്കൾ ആത്മാർത്ഥമായി വിശ്വസിക്കുന്നുണ്ടോ? ശാന്തമായി യാഥാർത്ഥ്യബോധത്തോടെ എന്നാൽ ഈ പ്രശ്നത്തെക്കാണാൻ അവർ വിസമ്മതിക്കുകയാണ്. തങ്ങളുടെ കേസ് ഒരു മൂന്നാം കക്ഷി തീരുമാനിക്കാൻ പോകുന്നുണ്ടെന്നാണ് അവർ ഇപ്പോഴും വിശ്വസിക്കുന്നത്. എത്ര മിഥ്യാധാരണകൾ വെച്ചുള്ളതായാലും കൊള്ളാം,

ഫലപ്രദമായി വാദിച്ചാൽ ഞങ്ങളുടെ കേസ് ജയിക്കാൻ സാധിക്കുമെന്നാണ് അവരുടെ വിചാരം. ശരിയായ അളവിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട് വാദിച്ചാൽ മതിയാകുമെന്നും അവർ കരുതുന്നു. ഇന്നു ജഡ്ജിമാരുടെ സ്ഥാനത്തുള്ള മൂന്നാം കക്ഷിയാരാണെന്നു അവർ വ്യക്തമായി പറയുന്നില്ല. ഇന്ത്യയിലെ ഭൂരിപക്ഷക്കാരുമായുള്ള തർക്കത്തിൽ പാക്കിസ്ഥാനാണ് ജഡ്ജിമാരുടെ സ്ഥാനത്തുള്ള മൂന്നാം കക്ഷിയെന്നു ഇന്ത്യയിലെ മുസ്ലീം നേതാക്കൾ കരുതുന്നു.

സ്വാതന്ത്ര്യത്തിനുമുമ്പുള്ള കാലത്താണ് ഇത്തരത്തിൽ ചിന്തിക്കുന്ന നേതാക്കൾ ഇപ്പോഴും ജീവിക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഏതാനും മാസം മുമ്പ് മജ്ലിസ് –എ– മഷാവരത്തിന്റെ നേതാവായ ഡാക്ടർ എ. ജെ. ഫരീദിയുമായി സംസാരിക്കാൻ എനിക്കു സന്ദർഭം ലഭിച്ചു. കാര്യങ്ങളെ സമനിലവിടാതെ കാണാൻ കഴിവുള്ളയാളാണ് താനെന്നു ഡോക്ടർ ഫരീദി അവകാശപ്പെടുന്നുണ്ട്. ഇന്ത്യയിലെ മുസ്ലിമുകൾ ചെയ്യുതെററ് ചൂണ്ടിക്കാണിയ്ക്കേണ്ടതാണെന്നും അദ്ദേഹം കരുതുന്നു. പക്ഷെ ഈ കാര്യം ഡോക്ടർ ഫരീദിയുമായി ചർച്ച ചെയ്യുന്നത് രസകരമായ അനുഭവമാണ്. അദ്ദേഹവുമായി വാദം ആരംഭിച്ചാൽ ഉടനെതന്നെ സ്വയം പ്രസംഗിക്കുന്ന അതേ തത്വങ്ങളിൽ നിന്നുതന്നെ ഒഴിഞ്ഞു മാറുന്നത് ഡോക്ടർ ഫരിദിയുടെ തന്ത്രമാണ്. ഉദാഹരണത്തിനു, പടിഞ്ഞാറെ പാക്കിസ്ഥാനിൽ നിന്നു ഹിന്ദുക്കളെ ഓടിച്ചതെന്തിനാണെന്നു ഞാൻ ചോദിച്ചപ്പോൾ ഡോക്ടർ ഫരിദി പറഞ്ഞ മറുപടി അത്ഭുതാവഹമാണ്. ഹിന്ദുക്കളെ കൊണ്ട് വരാൻ സർദാർ പട്ടേൽ വിമാനം അയച്ചു കൊടുത്തിട്ടില്ലായിരുന്നെങ്കിൽ, പടിഞ്ഞാറെ പാക്കിസ്ഥാനിൽ നിന്നു ഹിന്ദുക്കൾ ഇന്ത്യയിലേക്കു വരുകയേ ഇല്ലായിരുന്നുവെന്നാണ് ഡോക്ടർ ഫരിദി പറഞ്ഞ മറുപടി. ചുരുക്കത്തിൽ, ആരോടെങ്കിലും അനീതി കാണിക്കുന്നെങ്കിൽ അതിനെതിരാണ് ഡോക്ടർ ഫരിദി. ആ കാര്യത്തിൽ അദ്ദേഹം തികഞ്ഞ മതേതരവാദിയാണ്. പക്ഷെ, പാക്കിസ്ഥാനിലെ ഹിന്ദുക്കളോട് കാണിച്ച അനീതിയുടെ വിശദാംശങ്ങളിലേക്കു കടന്നാൽ അവരോട് ഒരിക്കലും ഒരു അനീതിയും കാണിച്ചിട്ടില്ലെന്നു ഡോക്ടർ ഫരിദി തറപ്പിച്ചു പറയുകയും അതിനു പുറമേ പാക്കിസ്ഥാനിലെ ഹിന്ദുക്കളോട് എന്തെങ്കിലും അനീതി കാണിക്കുന്നുവെന്നറിയുന്ന നിമിഷം താൻ പ്രതിഷേധിക്കാൻ തയ്യാറാണെന്നും ഡോക്ടർ ഫരിദി പ്രഖ്യാപിക്കും എന്നിരുന്നാലും തനിക്കു 'ബോദ്ധ്യം' വരണമെന്നു ഡോക്ടർ ഫരിദിക്കു നിർബന്ധമുണ്ട്. ഡോക്ടർ ഫരീദിയെ ബോദ്ധ്യപ്പെടുത്തുന്നത് പ്രയാസമാണെന്നു ആർക്കും ഊഹിച്ചാൽ അറിയാം.

അഖിലേന്ത്യാ മുസ്ലീം ലീഗിന്റെ പ്രസിഡന്റ് മുഹമ്മദ് ഇസ്മയിലിന്റെ ചില അഭിപ്രായങ്ങൾ നമുക്ക് പരിശോധിച്ചു നോക്കാം. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിനു മുമ്പ് യു. എൻ. ഐ. പ്രതിനിധിയുമായി നടത്തിയ അഭിമുഖ സംഭാഷണത്തിനിടക്കു മുഹമ്മദ് ഇസ്മയിൽ പറഞ്ഞു. "പാക്കിസ്ഥാനിൽ ഹിന്ദുക്കളെ ദ്രോഹിക്കുന്നുണ്ടോ, അരെ നിർബന്ധിച്ച് ഇസ്ലാമിലേക്ക് മത പരിവർത്തനം ചെയ്യിക്കുന്നുണ്ടോ എനിക്കു ബോദ്ധ്യപ്പെട്ടാൽ പാക്കിസ്ഥാനെ വിമർശിക്കാൻ ഞാൻ മടിക്കുകയില്ല. കാരണം ഇസ്ലാം അത്തരം അനീതി ചെയ്യാൻ അനുവദിക്കുന്നില്ല" ചുരുക്കത്തിൽ, പാക്കിസ്ഥാൻ അവിടുത്തെ ഹിന്ദുക്കളോട് എപ്പോഴെങ്കിലും ചീത്തയായി പെരുമാറുന്നുവെങ്കിൽ അത് തെററാണെന്നു പറയാൻ മുഹമ്മദ് ഇസ്മയിൽ തയാറാണ്. പാക്കിസ്ഥാൻ അങ്ങിനെ ചെയ്യുന്നുണ്ടോ എന്നു നിർണ്ണയിക്കുന്നതാണ്. അതിനാൽ യഥാർത്ഥ പ്രശ്നം പ്രകടമായ വസ്തുതകളെ വിലയിരുത്തുന്നതാണ് ആ പ്രശ്നം മുഹമ്മദ് ഇസ്മയിലുമായി വാദിക്കുന്നവരാരായാലും, പാക്കിസ്ഥാൻ അവിടുത്തെ ഹിന്ദുക്കളോട് അനീതി കാണിക്കുന്നുവെന്നു അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തേണ്ടത്, അവരുടെ ചുമതലയാണ്. ഇത് സംബന്ധിച്ച സത്യാവസ്ഥ മുഹമ്മദ് ഇസ്മയിലിനെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചാൽ ബാക്കി കാര്യം എളുപ്പമായി. തനിക്കു ബോദ്ധ്യപ്പെട്ടാൽ മുഹമ്മദ് ഇസ്മയിൽ വാളൂരി പാക്കിസ്ഥാനെതിരായി സമരം ചെയ്യാൻ തയാറാകുന്നതു കാണാം. പക്ഷെ, വരട്ടെ! ഇത് പോലൊന്നും സംഭവിയ്ക്കാൻ പോകുന്നില്ല. കാരണം, പാക്കിസ്ഥാൻ അവിടുത്തെ ഹിന്ദുക്കളെ ദ്രോഹിക്കുന്നുണ്ടെന്നത് സത്യമാണെങ്കിൽ പോലും മുഹമ്മദ് ഇസ്മയിലിനെ ബോദ്ധ്യപ്പെടുത്തുന്നത് എളുപ്പം നടക്കുന്ന കാര്യമല്ല. വാസ്തവത്തിൽ ഈ കാര്യത്തിൽ ആരും തന്നെ ബോദ്ധ്യപ്പെടുത്തുകയില്ലെന്നു മുഹമ്മദ് ഇസ്മയിൽ നിശ്ചയിച്ചുവെച്ചിട്ടുണ്ട്.

ശ്രീ പ്രകാശ് പാക്കിസ്ഥാനിൽ ഹൈക്കമ്മീഷണറായിരുന്ന കാലത്ത് കറാച്ചിയിൽ വെച്ച് മറക്കാനാവാത്ത അനുഭവമുണ്ടായി. 'പാക്കിസ്ഥാന്റെ ജനനം' എന്ന പുസ്തകത്തിൽ ശ്രീ പ്രകാശ് ഈ സംഭവത്തെപ്പററി പറയുന്നു. ഒരു സ്ഥലത്ത് ഹിന്ദുക്ഷേത്രം തകർക്കപ്പെട്ടു. പാക്കിസ്ഥാനിലെ ഒരു കേന്ദ്രമന്ത്രിയോട് ശ്രീപ്രകാശ ഈ സംഭവത്തെപററിപ്പറഞ്ഞു. ക്ഷേത്രത്തിനു പോലീസ് സംരക്ഷണം നൽകണമെന്നു അദ്ദേഹം മന്ത്രിയോട് ആവശ്യപ്പെട്ടു. പക്ഷെ മന്ത്രി അതു് ചെയ്യാൻ വിസമ്മതിച്ചു. മന്ത്രി പറഞ്ഞതു് ഓർക്കത്തക്കതാണ്. അദ്ദേഹം പറഞ്ഞു. "സമ്പൂർണ്ണമായ നീതിബോധമാണ് ഇസ്ളാം ഞങ്ങൾക്കു നൽകിയിരിക്കുന്നതു്. പിന്നെ, ഈ സാഹചര്യത്തിൽ എങ്ങിനെയാണ് ക്ഷേത്രം തകർക്കപ്പെടുന്നതു്? ഇസ്ളാമിക രാഷ്ട്രത്തിൽ അങ്ങിനെയൊരു കാര്യം ആലോചിക്കാൻ കൂടിവയ്യ,,!

ശ്രീപ്രകാശ പ്രത്യക്ഷത്തിൽ തന്നെ അന്ധാളിച്ചുപോയി. ക്ഷേത്രം തകർക്കപ്പെട്ടുവെന്നതു് ഒരു വസ്തുതയാണ്. എന്നാൽ ഇസ്ളാമിക രാഷ്ട്രം എപ്പോഴും തികഞ്ഞ നീതി പുലർത്തുന്നു. എപ്പോഴെങ്കിലും ഇത്തരം ആരോപണമുന്നയിച്ചാൽ എല്ലാ മുസ്ളീം നേതാക്കളും ഇസ്ളാമിലെ നീതിബോധത്തെക്കുറിച്ച് ചൂണ്ടിക്കാണിക്കും. സംഗതിയുടെ വസ്തുതകളിലേക്കു നോക്കേണ്ട അഭിപ്രായമാണ്. എന്നാൽ ഇസ്ളാമിക രാഷ്ട്രം അവകാശപ്പെടുന്നതിൽ നിന്നു വ്യത്യസ്തമാണ് വസ്തുതകളെങ്കിൽ, വസ്തുതകൾ സമ്മതിക്കാതിരിക്കലാണ് 'ഇസ്ളാമിക നീതി' യുടെ രീതി. സാധാരണയാളുകൾ വസ്തുതകൾ പരിശോധിച്ചു നോക്കുന്നതിനു സ്വീകരിക്കുന്ന സമ്പ്രദായം മുസ്ളീമുകൾ ഉപയോഗിക്കുന്നില്ല. അവർ നീതി ചെയ്യുമ്പോൾ, ഇസ്ളാമിക നീതി നിയമങ്ങൾ പ്രയോഗിക്കുന്നു. അവരോട് അനീതി ചെയ്താൽ എല്ലാ രാജ്യങ്ങളിലും സാർവ്വത്രികമായി അംഗീകരിക്കുന്ന തത്വങ്ങൾക്കു വേണ്ടി അവർ വാദിക്കുന്നു. തെളിവുകൾ പരിശോധിക്കുന്നതിനു സാർവ്വത്രികമായി അംഗീകരിച്ചിട്ടുള്ള അളവുകോൽ വേണമെന്നു ആവശ്യപ്പെടുന്നു. അവരെ സംബന്ധിച്ചിടത്തോളം ഇസ്ളാമിക രാഷ്ട്രത്തിൽ കൊറാനിലെ നീതി ധാർമ്മികമാ

യി നടപ്പാക്കുന്നതായി കരുതപ്പെടുന്നതുകൊണ്ട്, മുസ്‌ളീം നേതാക്കളുടെ വിചാരം ഇസ്‌ളാമിക രാഷ്ട്രം എപ്പോഴും നീതി പുലർത്തുമെന്നാണ്. മററുള്ളവർ മാത്രമാണ് തെററു ചെയ്യുന്നവർ. അതുകൊണ്ട്, ഇസ്‌ളാമിക രാഷ്ട്രത്തിനു പുറത്ത്, സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട തെളിവു നിയമങ്ങൾക്കും നിഗമനങ്ങൾക്കും വേണ്ടി മുസ്‌ളീം നേതാക്കൾ നിർബ്ബന്ധിക്കുന്നു. അവരുപയോഗിക്കുന്ന ഇരട്ടത്താപ്പുകൾ ഇത്തരത്തിലുള്ളതാണ്,

മുഹമ്മദ് ഇസ്മയിലിനെക്കാൾ നല്ല ഒരു വക്കീലിനെ പാക്കിസ്ഥാനു ഇനി കിട്ടാനുണ്ടോ? എന്നാലും താൻ പാക്കിസ്ഥാനുവേണ്ടി വാദിക്കുമെന്നു മുഹമ്മദ് ഇസ്മയിൽ ഒരിക്കലും സമ്മതിക്കുകയില്ല. അങ്ങിനെ സമ്മതിക്കേണ്ടതാണെന്നു പോലുംഅദ്ദേഹത്തിനു തോന്നുന്നില്ലായിരിക്കാം. ഇതേ പോലുള്ള നിരവധി ഉദാഹരണങ്ങളുണ്ട്. ഇതേപ്പററിച്ചോദിച്ചാൽ ഈ മുസ്‌ലീം നേതാക്കൾ ദേഷ്യത്തോടെ പറയും തങ്ങൾ നൂറുശതമാനം ഇന്ത്യാക്കാരാണെന്ന്. ഈ രാഷ്ട്രത്തിന്റെ അഭിലാഷങ്ങളുമായി തങ്ങൾ അലിഞ്ഞുചേർന്നിട്ടുണ്ടെന്നും ഇന്ത്യയിലെ ഹിന്ദു ഭൂരിപക്ഷത്തെ തങ്ങളുടെ സഹപൌരന്മാരായിക്കണക്കാക്കുമെന്നും പറയും. പക്ഷെ, മുസ്‌ലീം നേതാക്കൾ കൂടെക്കൂടെ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളും അവരുടെ യഥാർത്ഥത്തിലുള്ള പെരുമാററവും എടുത്ത്, അവരുടെ അവകാശ വാദങ്ങളോടൊപ്പം വെച്ച്നോക്കിയാൽ എന്താണു പറയുക? തികഞ്ഞ ദേശീയ വാദികളാണെന്നു അവകാശപ്പെടുമ്പോൾ തന്നെ, കാശ്മീരിൽ പാക്കിസ്ഥാൻ ഉന്നയിക്കുന്ന അവകാശ വാദത്തെ മുസ്‌ലീം നേതാക്കൾ പിന്താങ്ങുന്നു. അതേപോലെതന്നെ, ആസ്സാമിലേക്കു നുഴഞ്ഞു കയറുന്ന പാക്കിസ്ഥാനികളെല്ലാം യഥാർത്ഥത്തിൽ ഇന്ത്യയിലെ മുസ്‌ലീമുകളാണെന്നു അവർ വാദിക്കുന്നു. അതിന്റെയർത്ഥം പൌരത്വം നിശ്ചയിക്കുന്നതിനുള്ള ഒരു വ്യവസ്ഥയിലും അവർ വിശ്വസിക്കുന്നില്ലെന്നാണ്. പാക്കിസ്ഥാൻകാരായ നുഴഞ്ഞുകയററക്കാർ യഥാർത്ഥത്തിൽ ഇന്ത്യക്കാരാണെന്നു വാദിക്കാൻ എത്രവേണമെങ്കിലും അസംബന്ധങ്ങളെഴുന്നള്ളിക്കാൻ അവർ തയാറാണ്. അതേ സമയം തന്നെ, തത്വത്തിന്റെയടിസ്ഥാനത്തിൽ, എല്ലാ പാക്കിസ്ഥാനി നുഴഞ്ഞുകയററക്കാരേയും ഇന്ത്യയിൽ നിന്നു പുറത്താക്കണമെന്നും അവർ സമ്മതിക്കും. ഹിന്ദുക്കളെന്ന നിലക്ക് ആരോടും തങ്ങൾക്കു വഴക്കില്ലെന്നു അവർ പറയും; പക്ഷെ,കാഫിറിന്റെമൃതദേഹത്തിനു സമീപത്ത് കൊറാൻ ചൊല്ലുന്നത് നിഷിദ്ധമാണെന്നു വാദിച്ചുകൊണ്ട്, അവർ നെഹ്റുവിന്റെ മരണശേഷം കൊറാൻ ചൊല്ലിയതിനെ എതിർക്കും. അതിനുവേണ്ടി മത നിയമങ്ങൾ ഉദ്ധരിക്കും. ഡോക്ടർ സക്കീർ ഹുസൈൻ ഇന്ത്യയുടെ പ്രസിഡൻറാകണമെന്നു അവർ ആഗ്രഹിക്കുന്നു. എന്നാലും ഹിന്ദിയിൽ സത്യപ്രതിജ്ഞ ചെയ്യുന്നത് നല്ല മുസ്‌ലീമിനു ചേരുന്നതല്ലെന്ന് ചൂണ്ടിക്കാണിക്കാൻ അവർ തിടുക്കം കൂട്ടും. ശങ്കരാചാര്യരുടെ അനുഗ്രഹം വാങ്ങിച്ചത് നന്നായില്ലെന്നു പറയും. പാക്കിസ്ഥാൻ സൃഷ്ടിച്ചതിനെ ന്യായീകരിക്കുന്നതോടൊപ്പം തന്നെ, മറേറതു രാജ്യത്തേയും പോലുള്ള വിദേശ രാജ്യമായ പാക്കിസ്ഥാനുമായി തങ്ങൾക്ക് ഒരു ബന്ധവുമില്ലെന്നും അവർ വാദിക്കും. പാക്കിസ്ഥാന്റെ സമാധാനപരമായ ഉദ്ദേശങ്ങൾക്കുവേണ്ടി വക്കാലത്ത് പിടിക്കുന്നതിൽ അവർ തമ്മിൽ മത്സരമാണ്. ഇന്ത്യാ ഭൂഖണ്ഡത്തിലെ സമാധാനത്തിനു കോട്ടം തട്ടിക്കുന്നതിനു ഉത്തരവാദികൾ ആരാണ്? ഉത്തരം തയാറുണ്ട്. ഭാരതീയ നേതാക്കന്മാരുടെ തെററുകളാണ് ഉപഭൂഖണ്ഡത്തിലെ എല്ലാ കുഴപ്പങ്ങളും സൃഷ്ടിക്കുന്നത്. ഈ മുസ്‌ലീമുകളുടെ അഭിപ്രായത്തിൽ, ഇന്ത്യയുടെ നേതാക്കൾ പാക്കിസ്ഥാന്റെ സൃഷ്ടിയുമായി ഒരിക്കലും പൊരുത്തപ്പെട്ടിട്ടില്ല. അതുകൊണ്ട് ഇന്ത്യയിലെ നേതാക്കൾക്ക് പാക്കിസ്ഥാനോട് ശത്രുതയുണ്ട്. കാശ്മീരിനെച്ചൊല്ലി പാക്കിസ്ഥാൻ ഇന്ത്യയുമായി കലഹിക്കുന്നു. പാക്കിസ്ഥാനു, കാശ്മീർ കൊടുത്തുകഴിഞ്ഞാൽ പിന്നെ കലഹമുണ്ടാകയില്ലെന്നാണ് ഇവരുടെ വാദം. കാശ്മീർ വിട്ടുകൊടുക്കാതെ, പാക്കിസ്ഥാനോട് ഇന്ത്യ ശത്രുതയുണ്ടാക്കുകയാണെന്നു അവർ കരുതുന്നുവെന്നു വ്യക്തമാണ്.

ഇവിടവും കടന്നു അങ്ങേയററത്തേക്കു എത്തുന്നുണ്ട് ഈയഭിപ്രായങ്ങളെ ചൂണ്ടിക്കാണിക്കാം. ജമാ അത്ത് എ. ഇസ്‌ളാമി എന്ന പേരിൽ ഇന്ത്യയിലെ മുസ്‌ളീമുകളുടെ ഒരു സംഘടനയുണ്ട്. ഇന്ത്യയിൽ ഒരു ഇസ്‌ളാമിക രാഷ്ട്രം സ്ഥാപിക്കുകയാണ് ഈ സംഘടനയുടെ ലക്ഷ്യം. 'മാർഗ്ഗദീപ്' എന്ന പേരിൽ ഈ സംഘടന നടത്തുന്ന മറാഠി പത്രം ഒരിക്കൽ എഴുതി. "ഇന്ത്യയിലെ മതസംഘട്ടനങ്ങൾ എളുപ്പം പരിഹരിക്കപ്പെടാൻ ഇടയില്ല. എല്ലാ ഇന്ത്യക്കാരും ഒരു മതം സ്വീകരിക്കുന്നെങ്കിൽ മാത്രമേ, ഇന്ത്യയിലെ മതസംഘട്ടനങ്ങൾ അവസാനിക്കുകയുള്ളു".

'മാർഗ്ഗദീപി'ൽനിന്നു എടുത്ത ഈ ഉദ്ധരിണിയുടെ പശ്ചാത്തലത്തിൽ, മുസ്‌ളീം നേതാക്കളുടെ അഭിപ്രായങ്ങളിലെ പൊരുത്തക്കേടുകൾ പരിശോധിച്ചാൽ ഹിന്ദുക്കൾക്കെതിരെ, വിപുലമായ ഒരു ജിഹാദിൽ-വിശുദ്ധ യുദ്ധത്തിൽ-മുസ്‌ളീം നേതാക്കൾ ഏർപ്പെട്ടിരിക്കയാണെന്നു വ്യക്തമാകും. എല്ലാ ഇന്ത്യക്കാരും ഇസ്‌ളാം മതം സ്വീകരിക്കുന്നെങ്കിൽ മാത്രമേ ഈ യുദ്ധം അവസാനിക്കുകയുള്ളു. ഈ ലക്ഷ്യം നേടുന്നതിനു എല്ലാത്തരം കസർത്തു നടത്താനും മുസ്‌ളീം നേതാക്കൾ തയ്യാറാണ്. അവർ ഇന്ത്യാക്കാരായാണ് സ്വയം കരുതുന്നതെന്നതു് തികച്ചും സത്യമാണ്. കാരണം രാഷ്ട്രത്തെ മുഴവൻ ഭരിക്കാമെന്നു അവർ പ്രതീക്ഷിക്കുന്നു.

എന്തിനാണ് മുസ്‌ലീമുകൾ പാക്കിസ്ഥാൻ ആവശ്യപ്പെട്ടത്? ഉത്തരം വ്യക്തമാണ്. തങ്ങളുടെ സമുദായം ഒരു പ്രത്യേക രാഷ്ട്രമാണെന്നു മുസ്‌ലീമുകൾ വിശ്വസിക്കുന്നു. എന്തിനാണു അവർ ജിന്നയെ പിന്തുടർന്നത്? ഇതിന്റെ ഉത്തരവും വ്യക്തമാണ്. ജിന്നയുടെ ഹിന്ദു-വിരുദ്ധാഭിപ്രായങ്ങൾ അവരെ ആകർഷിച്ചു. ജിന്നതന്നെ ദ്വിരാഷ്ട്ര സിദ്ധാന്തം ആവിഷ്ക്കരിക്കുന്നതുവരെ ഇന്ത്യയിലെ മുസ്‌ലീമുകൾഅദ്ദേഹത്തെ നേതാവായി കരുതിയില്ലെന്നു, ഈപശ്ചാത്തലത്തിൽ ഓർത്തിരിക്കണം. ഇതിനെല്ലാമുള്ള കാരണം വളരെ വ്യക്തമാണ്. മുസ്‌ലീമുകൾ വളരെ വീറോടുകൂടി ഹിന്ദുക്കളോട് ശത്രുത പുലർത്തുന്നവരായിരുന്നു. ജിന്ന അവരുടെ വർഗ്ഗീയ വികാരങ്ങൾ ഇളക്കിവിട്ടയുടനെ തന്നെ മുസ്‌ലീമുകൾ അദ്ദേഹത്തിനു പിന്തുണ നൽകി. ഇന്ത്യയിലെല്ലായിടത്തും തങ്ങൾ ന്യൂനപക്ഷക്കാരായിപ്പോവുമെന്ന ഭവിഷ്യത്തു കാണാൻ കഴിയാത്ത വിധം അവർ വികാരത്തിനടിമപ്പെട്ടു.

എന്നിരുന്നാലും വികാരത്തിളപ്പു കൊണ്ടു മാത്രമായിരുന്നില്ലാ, ഇന്ത്യയിലെ മുസ്‌ളീമുകൾ പാക്കിസ്ഥാൻ സൃഷ്ടിക്കുന്നതിനു പിന്തുണ നൽകിയതെന്നു സമ്മതിക്കണം. 'ഹോസ്റ്റേജസ്', (പിടിച്ചുവെക്കപ്പെട്ടവരു

ടെ സിദ്ധാന്തവും ഇതിനടിസ്ഥാനമായിരുന്നു. അതേ സമയം തന്നെ, ഇന്ത്യ ഒടുവിൽ മുസ്‌ളീമുകളുടെ ഭരണത്തിലാവുമെന്നും ഇന്ത്യയിലെ മുസ്‌ളീമുകൾ വിശ്വസിച്ചു. ഇന്ത്യയിൽ സംയോജിതമായ ഇസ്‌ളാമിക രാഷ്ട്രം സ്ഥാപിക്കുന്നതിനുള്ള ആദ്യപടി മാത്രമായിരുന്നു പാക്കിസ്ഥാൻ സൃഷ്ടിക്കുന്നത്. പാക്കിസ്ഥൻ സൃഷ്ടിക്കുന്നതിനു ജിന്ന സ്വീകരിച്ച തന്ത്രങ്ങൾ ഓർത്തു നോക്കിയാൽ ഈ കാര്യം കാണാൻ കഴിയും. പാക്കിസ്ഥാനുമായി യോജിക്കാൻ അദ്ദേഹം രാജസ്ഥാനിലെ നാട്ടുരാജ്യങ്ങളെ പ്രേരിപ്പിക്കാൻ ശ്രമിച്ചു. ജൂനഗാഡിനെ പാക്കിസ്ഥാനുമായിച്ചേർക്കാൻ അദ്ദേഹം പരിശ്രമിച്ചു. ഇന്ത്യക്കെതിരെ പോരടിക്കാൻ അദ്ദേഹം ഹൈദരാബാദിനെ ഇളക്കിവിട്ടു. ഇന്ത്യയിൽ മാത്രമാണ് ലഹളകൾ ഉണ്ടായതെന്ന അദ്ദേഹം നടത്തിയ പ്രചരണം പാക്കിസ്ഥാനിലെ പ്രത്യാഘാതങ്ങളെ അവഗണിച്ചുകൊണ്ടുള്ളതായിരുന്നു. മുസ്‌ളീമുകൾ എന്താണ് പ്രതീക്ഷിച്ചതു്? ഹൈദരാബാദ് സ്വതന്ത്രമാകുമെന്നു അവർ പ്രതീക്ഷിച്ചു. ഭോപ്പാൽ പിന്തുടർന്നു കൊള്ളുമെന്നു അവർ കരുതി. ജൂനഗാഡ് പാക്കിസ്ഥാനുമായിച്ചേർന്നു കഴിഞ്ഞിരുന്നു. കാശ്മീരിൽ മുസ്‌ളീമുകൾക്കു ഭൂരിപക്ഷമുണ്ടായിരുന്നതുകൊണ്ട്, പാക്കിസ്ഥാനുമായി സ്വാഭാവികമായും ചേർന്നുകൊള്ളുമെന്നായിരുന്നു പ്രതീക്ഷ. എല്ലാ നാട്ടുരാജ്യങ്ങളും ഇന്ത്യയുമായിച്ചേരാൻ വിസമ്മതിക്കുമെന്നും സ്വാതന്ത്ര്യം പ്രഖ്യാപിക്കുമെന്നുമായിരുന്നു അവർ പ്രതീക്ഷിച്ചതു്. പിന്നീട് മുസ്‌ളീമുകൾക്കു ഗുണമുണ്ടാകത്തക്കവിധം ഇന്ത്യ ശിഥിലീകരിച്ചു പോകുമെന്നു അവർ പ്രവചിച്ചു. ഈ പ്രത്യാശകൾ, തെറ്റായിരുന്നുവെന്നു തെളിഞ്ഞു. സർദാർ പട്ടേൽ നാട്ടുരാജ്യങ്ങളെ ഇന്ത്യാ യൂണിയനുമായി ലയിപ്പിച്ച് അവരുടെ പ്രത്യാശകളെ തകർത്തുകളഞ്ഞു. ഇതുകൊണ്ടാണ് മുസ്‌ളീം നേതാക്കൾ സർദാർപട്ടേലിനെ വെറുക്കുന്നതു്. പട്ടേലാണ് പാക്കിസ്ഥാനിൽ നിന്നു ഹിന്ദുക്കളെ ഇന്ത്യയിലേക്കു കൊണ്ടുവന്നതെന്നു ഡോക്ടർ ഫരീദി വാശിപിടിക്കുന്നതു് എളുപ്പം മനസ്സിലാക്കാവുന്നതേയുള്ളു.

എന്റെ അഭിപ്രായത്തിൽ മുസ്‌ലീം സമുദായം ഇപ്പോഴും മാനസികമായി വിഭജനത്തിനുമുമ്പുള്ള ലോകത്തിലാണ് ജീവിക്കുന്നത്. വ്യക്തിപരമായി എനിക്കുണ്ടായ മറ്റൊരനുഭവംകൂടി പറയാം. കുറച്ച് കാലം മുമ്പ് ഞാൻ ആഗ്രയിൽ പോയി. വിദ്യാസമ്പന്നരായ ചില മുസ്‌ലീം യുവാക്കളുമായി സംസാരിച്ചു. ഞാൻ അവരോട് ഒരു ചോദ്യം മാത്രമേ ചോദ്യച്ചുള്ളൂ. ഹിന്ദുക്കൾ നിങ്ങളെ സംശയ ദൃഷ്ടിയോടെയാണ് നോക്കുന്നതെന്നു ഇന്നു നിങ്ങൾ പരാതിപ്പെടുന്നു. പാക്കിസ്ഥാൻ സൃഷ്ടിച്ചതിന്റെ അനിവാര്യ ഫലമാണിതെന്നു ഞാൻ വിചാരിക്കുന്നു. ഇന്ത്യയിലെ വിദ്യാസമ്പന്നരായ മുസ്‌ലീമുകൾക്കു വിഭജനത്തിന്റെ ഭീകരമായ പ്രത്യാഘാതം കാണാൻ കഴിയാതെ പോയത് എന്തുകൊണ്ടാണ്? കരുതിയിരിക്കേണ്ട ഉത്തരമാണ് ഈ യുവാക്കൾ നൽകിയത്. അവർ പറഞ്ഞു. “നമ്മൾ ഇന്ത്യയിൽ സ്ഥിരമായി ന്യൂന പക്ഷക്കാരായിക്കഴിയേണ്ടിവരുമായിരുന്നു: ഭൂരിപക്ഷത്തിന്റെ ഇംഗിതമനുസരിച്ചാണ് ഒരു രാഷ്ട്രം ഭരിക്കപ്പെടുന്നത്. നമ്മൾ തികച്ചും നിസ്സഹായരാവുമായിരുന്നു.” യഥാർത്ഥത്തിൽ ഇന്ത്യയിലെ മുസ്‌ലീമുകൾ ഇന്നും ന്യൂന പക്ഷമാണ്. എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ, അത് അവർ വിഭജനത്തിനു മുമ്പത്തെക്കാൾ ന്യൂനപക്ഷമായതാണ്. മുമ്പ് പറഞ്ഞ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുമ്പോൾ ഇന്ത്യയിലെ മുസ്‌ലീമുകൾ കരുതുന്നത് അവർ ഹിന്ദുക്കളുടെ ആധിപത്യത്തിൽനിന്നു വിമോചിതരായിയെന്നാണ്. പാക്കിസ്ഥാനിലെ മുസ്‌ലീമുകൾ ഇത്തരം അഭിപ്രായം പറഞ്ഞാൽ മനസ്സിലാക്കാമായിരുന്നു. പക്ഷെ, പാക്കിസ്ഥാനിലെ മുസ്‌ലീമുകൾ പറയുമെന്നു കരുതേണ്ട അഭിപ്രായങ്ങൾ യഥാർത്ഥത്തിൽ ഇന്ത്യയിലെ മുസ്‌ലീമുകളാണ് പറയുന്നത്. ഇതിന്റെ കാരണം ഖേദകരമാംവണ്ണം പ്രകടമാണ്. ഇന്ത്യയിലെ മുസ്‌ലീമുകൾ ഇന്നു പാക്കിസ്ഥാനികളായി സ്വയം കണക്കാക്കുന്നു. പാക്കിസ്ഥാൻ സൃഷ്ടിച്ചതോടുകൂടി തങ്ങളുടെ വിമോചനം ഉറപ്പായിരിക്കുന്നുവെന്നു അവർ വിശ്വസിക്കുന്നു. ഒരു ദിവസം പാക്കിസ്ഥാൻ തങ്ങൾക്കുവേണ്ടതെല്ലാം നൽകിക്കൊള്ളുമെന്നാണ് അവരുടെ പ്രതീക്ഷ. അതിനാൽ അവർ മിഥ്യാവാദങ്ങളിലും കപടവാദങ്ങളിലും മുഴുകുന്നു. അത്തരം വാദങ്ങൾ കൊണ്ടുവരാൻ കഴിയാത്തവർ, തങ്ങൾക്ക് അനുഭവിക്കേണ്ടിവരുന്ന അനീതിക്കു ഹിന്ദുക്കളെ കുറ്റപ്പെടുത്തുന്നു.

മൊത്തത്തിൽ തങ്ങൾ ന്യൂനപക്ഷക്കാരായിരിക്കുന്ന ഒരു രാജ്യത്തും മുസ്‌ലീമുകൾക്കു ദേശീയതയുമായി സാമ്യം പ്രാപിക്കാൻ കഴിയുകയില്ല. എന്നും ന്യൂന പക്ഷക്കാരായിപ്പോകുമോയെന്നു ഭയന്നു അവർ പാക്കിസ്ഥാൻ സ്ഥാപിക്കാൻ ആഗ്രഹിച്ചു. ഈ ഉപഭൂഖണ്ഡത്തിൽ മുസ്‌ലീമുകളുടെ പ്രശ്നം പരിഹരിക്കുന്നതിനു പാക്കിസ്ഥാന്റെ സൃഷ്ടിവഴി സാധിക്കയില്ലെന്നും അവർക്കു അറിയാമായിരുന്നു. ഇന്ത്യയിലെ മുസ്‌ലീമുകളിൽ ചിലരുടെ പ്രശ്നം പരിഹരിക്കുന്നതിനു വിഭജനം വഴിസാധിച്ചുവെങ്കിലും ഇന്ത്യയിലെ മുസ്‌ലീമുകളിൽ ബാക്കിയുള്ളവരുടെ പ്രശ്നം പരിഹരിക്കപ്പെടാതെ കിടക്കുകയാണെന്നു ഒരു മുസ്‌ലീം പ്രസിദ്ധീകരണം അടുത്തകാലത്ത് അഭിപ്രായപ്പെടുകയുണ്ടായി. പാക്കിസ്ഥാനിലെ മുസ്‌ലീമുകളുടെ പ്രശ്നം മാത്രമാണ് പാക്കിസ്ഥാന്റെ സൃഷ്ടികൊണ്ട് പരിഹരിക്കപ്പെട്ടതെന്നു അടുത്തകാലത്ത് ചെയ്ത ഒരു പ്രസംഗത്തിൽ സുഹ്റവർദി പറഞ്ഞു. ഇന്ത്യയിലെ മുസ്‌ലീമുകളുടെ പ്രശ്നം കൈകാര്യം ചെയ്യേണ്ടതാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ഇതിനു അൽപ്പം മുമ്പ്, കൽക്കത്തായിലെ ഒരു പൊതുയോഗത്തിൽ വെച്ച് അദ്ദേഹം പറകയുണ്ടായി. “പാക്കിസ്ഥാനാണോ നമ്മുടെ അന്തിമമായ ആവശ്യം? ഈ ചോദ്യത്തിനു ഉത്തരം ഞാൻ പറയുന്നില്ല, പക്ഷെ ഇതാണ് നാം ഏറ്റവും അവസാനമായി ഉന്നയിച്ചിട്ടുള്ള ആവശ്യമെന്നു ഞാൻ പറയും”. ഓരോ തവണയും ഏറ്റവും അവസാനം ഉന്നയിക്കുന്ന ആവശ്യം പുതിയതായി വരും. “എന്താണ് അന്തിമമായ ആവശ്യമെന്നു” ചോദിക്കാതെ പറ്റില്ല. അന്തിമമായ ആവശ്യം ഇന്ത്യ മുഴുവൻ കിട്ടണമെന്നതാണെന്നു വ്യക്തമാണ്. ഇന്നു, ഏറ്റവും അവസാനത്തെ ആവശ്യം കാശ്മീരാണ്. അടുത്ത ആവശ്യം ആസ്സാമായിരിക്കും. പിന്നെ അത് പാക്കിസ്ഥാന്റെ രണ്ട് ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഇടനാഴിക്കുവേണ്ടിയാകും. ഈ കാര്യത്തിൽ ഭൂട്ടോവിനുള്ള അഭിപ്രായങ്ങളെന്താണെന്നു വായനക്കാർക്കു അറിയുമെന്നു ഞാൻ വിശ്വസിക്കുന്നു. തങ്ങൾക്കു പാക്കിസ്ഥാനുമായി ഒരു ബന്ധവുമില്ലെന്നു ഉച്ചത്തിൽ വിളിച്ചു കൂവുന്ന ഇന്ത്യയിലെ മുസ്‌ലിം നേതാക്കൾ ഭൂട്ടോവിനെ അധിക്ഷേപിക്കേണ്ടതായിരുന്നു. ഭൂട്ടോവിന്റെ

# കത്തുകൾ

## തിരുത്തിയെഴുതിയ്ക്കണം

1970 മാർച്ചുമാസം, 12, 13, 14, തീയതികളിൽ എറണാകുളത്തുവച്ച് കേരളാ പ്രദേശ് യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന സമ്മേളനം നടന്നുവല്ലോ?. 1969ൽ കോൺഗ്രസിൽ നിന്നും മതേതരത്വത്തിന്റെയും, സോഷ്യലിസത്തിന്റെയും ശത്രുക്കൾ പിരിഞ്ഞു പോയതിനു ശേഷം നടന്ന ഒരു സമ്മേളനമായിരുന്നു അത്. ആ സമ്മേളനത്തിൽ പുരോഗമനാത്മകമായ പല നയപരിപാടികൾക്കും രൂപം നൽകുമെന്ന് പതിനായിരക്കണക്കിന് യൂത്തു കോൺഗ്രസ്സ് പ്രവർത്തകർ വിശ്വസിച്ചിരുന്നു. പക്ഷേ സംഭവിച്ചതെന്താണ്. പ്രമേയങ്ങളെന്ന് വിശേഷിപ്പിച്ചുകൊണ്ട് കുറെ റിപ്പോർട്ടുകൾ വായിച്ചു. പ്രകടനങ്ങൾ നടത്തി പത്രങ്ങളിൽ വെണ്ടയ്ക്കാ മുഴുപ്പിൽ റിപ്പോർട്ടുകൾ കൊടുത്തു. ചിലരൊക്കെയെല്ലാം നിലനിൽപ്പിനുവേണ്ടി ഇതെല്ലാം ചെയ്തുവെന്നതിൽ കവിഞ്ഞു, മറെറന്തെങ്കിലുമൊരു പ്രാധാന്യം ഈ സമ്മേളനത്തിനുണ്ടോയെന്നു് ചിന്തിക്കേണ്ടതാവശ്യമാണ്. 12, 13, ഈ തീയതികളിലവതരിപ്പിച്ച രാഷ്ട്രീയ, കാർഷിക, സാമ്പത്തിക പ്രമേയങ്ങളിൽ ഏററവും ജുഗുപ്സാവഹമായതാണ്, 13-ാം തീയതി ഉച്ചകഴിഞ്ഞു് 2.30നു് എം. എം. ഹസൻ അവതരിപ്പിച്ച കേരള രാഷ്ട്രീയ പ്രമേയം.

നേതാജി ബോസ്സ്, ഗോഖലെ, ലജപത്റായ് തുടങ്ങിയ രാഷ്ട്രീയ സിംഹങ്ങൾ നേതൃത്വം നൽകിയിട്ടുള്ളതും' എൺപത്തിയാറു വർഷത്തെ രാഷ്ട്രീയ ചരിത്രവുമുള്ള ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ നയപരിപാടികളിൽ വിശ്വസിച്ച് സോഷ്യലിസത്തിനും, മതേതരത്വത്തിനും വേണ്ടി വിട്ടുവീഴ്ചയില്ലാത്ത സമരം നടത്തുന്ന, ഇൻഡ്യയിലെ ഏററവും വലിയ യുവജനസംഘടനയായ യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന സമ്മേളനത്തിൽ ഇത്തരമൊരു രാഷ്ട്രീയ പ്രമേയമവതരിപ്പിച്ച നേതൃത്വത്തിനു ചരിത്രം മാപ്പുനൽകുകയില്ല. മുസ്ലീംലീഗും, കേരളാ കോൺഗ്രസും, വലതു കമ്മ്യൂണിസ്റ്റും പാർട്ടിയുമായി മുന്നണിയുണ്ടാക്കാനുള്ള വെമ്പലാണ്, കേരള രാഷ്ട്രീയ പ്രമേയത്തിലങ്ങോളമിങ്ങോളം കാണാൻ കഴിയുന്നതു്. അതിന്റെ പ്രാരംഭ നടപടിയെന്നോണം, കൊട്ടാരക്കര അച്ചുതമേനവനെ പിന്താങ്ങണമെന്നും പ്രമേയത്തിൽ പറയുന്നുണ്ട്. കൊല്ലം ഡി. സി. സി. യുടെ കൊട്ടാരക്കരയിലെ ആയിരക്കണക്കിന്, കോൺഗ്രസ് പ്രവർത്തകരുടെ രാഷ്ട്രീയ വികാരങ്ങളെ വ്രണപ്പെടുത്തുകയാണ് ഈ പ്രമേയത്തിലൂടെ യൂത്തു കോൺഗ്രസ്സ് നേതൃത്വം ചെയ്തിരിക്കുന്നത്. കൊട്ടാരക്കരയിൽ അച്ചുതമേനവൻ തോൽക്കേണ്ടതു് ഈ രാജ്യത്തെ സാധാരണക്കാരന്റെ ആവശ്യമാണ്. കാരണം സി. പി. യെപ്പോലും ലജ്ജിപ്പിക്കുന്നതരത്തിലുള്ള പോലീസ് മർദ്ദനങ്ങളാണ് ഇന്നു് നാട്ടിലുടനീളം നടക്കുന്നതു്. സാധാരണക്കാരനു് പോലീസ് മർദ്ദനങ്ങളിൽ നിന്നും രക്ഷനേടണമെങ്കിൽ, മുസ്ലീംലീഗിന്റെ പാപ്പരത്വത്തിന്റേതായ പോലീസ് നയം അവസാനിക്കണം, അതിന് കൊട്ടാരക്കരയിൽ അച്ചുതമേനോൻ തോറേറ പററൂ. അച്ചുതമേനോനെ തോൽപ്പിക്കുന്നതിനു വേണ്ടി ആരെ നാം കൂട്ടുപിടിച്ചാലും അതിലൊരു തെററുമില്ലാ.

അടുത്ത തിരഞ്ഞെടുപ്പിൽ സഖ്യം വേണമോ, വേണ്ടയോ എന്നു് തീരുമാനിക്കേണ്ടതു് തിരഞ്ഞെടുപ്പടുക്കുമ്പോഴാണ്. ആരെല്ലാമായാണ് സഖ്യമുണ്ടാക്കേണ്ടതെന്നു് അന്നത്തെ രാഷ്ട്രീയ ചുററുപാടുകൾ വിലയിരുത്തിയാണ് നിശ്ചയിക്കേണ്ടതു്. ''രണ്ടു മൈൽ അകലെയൊരു നദിയുണ്ടെന്നു കരുതി ഇവിടെ നിന്നേ തുണിയും പൊക്കിപ്പിടിച്ചുകൊണ്ടു പോകണമോ'' യെന്നു് എറണാകുളം ടൗൺഹാളിൽ വച്ചു ഈ പ്രമേയത്തെ എതിർത്തുകൊണ്ടു് വടയാർ ശശി ചോദിച്ചപ്പോൾ കുറെപേരു് അവിടിരുന്നു് നരി കൂവുന്നതു പോലെ കൂവുന്നതു കേട്ടു. ഈ രാജ്യത്തെ പതിനായിരങ്ങൾ ഏകസ്വരത്തിൽ ചോദിക്കുന്നൊരു ചോദ്യത്തിന്റെ പ്രതിധ്വനിയാണവിടെ മുഴങ്ങിയതെന്നു് ഇനിയെങ്കിലുമവർ മനസ്സിലാക്കുമെന്നു് വിശ്വസിക്കുന്നു. തിരഞ്ഞെടുപ്പും സ്ഥാനമാനങ്ങളും മാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ള പോക്ക് ആരു നടത്തിയാലും അതെതിർത്തേ പററൂ. അണികളുടെ വികാരങ്ങളെ വ്രണപ്പെടുത്തിയ പ്രമേയങ്ങൾ തിരുത്തിയെഴുതിക്കാൻ യൂത്തു കോൺഗ്രസ്സ് പ്രവർത്തകർ തയ്യാറാകണം. നേതൃത്വത്തെക്കൊണ്ടതു ചെയ്യിക്കാൻ നാം പ്രവർത്തിച്ചേ പററൂ. ചിന്തിച്ചേ മതിയാകൂ.

എം. എസ്സ്. ഇസ്മെയിൽ
സെക്രട്ടറി, കുടയത്തൂർ മണ്ഡലം
യൂത്ത് കോൺഗ്രസ്സ് കമ്മിററി, കാഞ്ഞാർ

x x x x x

## മാർക്സിസ്റ്റ് അനുകൂലം

നിങ്ങളുടെ പ്രസിദ്ധീകരണം പതിവായി വായിക്കാറുണ്ട്. നിസ്സംശയം പറയാം, നിങ്ങളുടെ മാർക്സിസ്റ്റനുകൂല ചിന്തകൾ കേരളത്തിലെ പുരോഗമനവാദികളായ യുവകോൺഗ്രസ്സുകാർക്കിടയിൽ യാതൊരനുകൂലപ്രതികരണവുമുണ്ടാക്കില്ല. പ്രത്യുത, രാഷ്ട്രീയമായി ആത്മഹത്യചെയ്ത ചുരുക്കം ചില 'വൃദ്ധയുവ' കോൺഗ്രസ്സ്

---

### ഇന്ത്യയിലെ മുസ്ലീം രാഷ്ട്രീയം (തുടർച്ച)

പ്രസ്താവനയിൽ പ്രതിഷേധിച്ചവരില്ല. ആരും ഒരു വാക്കുപോലും പറഞ്ഞില്ലെന്നതു് പ്രധാനപ്പെട്ട കാര്യമാണ്.

മുസ്ലീമുകളുടെ അഭിപ്രായത്തിൽ ഇന്ത്യയിലെ മുസ്ലീമുകളുടെ പ്രശ്നത്തിനു എന്താണ് പരിഹാരം? അവർക്കു തോന്നുന്ന ഒരേയൊരു പോംവഴി ഇന്ത്യയിൽ ഇസ്ലാമിക രാഷ്ട്രം സ്ഥാപിക്കുക മാത്രമാണ്. ഈ ലക്ഷ്യം സാധിക്കുന്നതിനു ജമാ അത്ത് എ. ഇസ്ലാമി ഒരു പരിപാടി ഇപ്പൊഴേ തയാറാക്കിയിട്ടുണ്ട്. ഈ ലക്ഷ്യം നേടുന്നതിൽ അവർ പരാജയപ്പെടുന്നെങ്കിലോ? അപ്പോൾ, അവർ പരമാധികാര രാഷ്ട്രമായ ഇന്ത്യയ്ക്കകത്തു് പരമാധികാരമുള്ള ഇസ്ലാമിക സമൂഹം സ്ഥാപിച്ചെടുക്കാൻ പരിശ്രമിക്കും. രാഷ്ട്രത്തിനുള്ളിൽ രാഷ്ട്രമെന്നും സമൂഹത്തിനുള്ളിൽ സമൂഹമെന്നുമുള്ള ആശയങ്ങൾ അവർക്കു പ്രിയംകരമാണ്. ഇതറിയുന്നതിനു മജ്ലിസ്സ്-എ-മുഷാവരത്തിന്റെ ഒമ്പതിന പരിപാടിയിലേക്കു ഒന്നു കണ്ണോടിച്ചാൽ മതി. ഇന്ത്യയിലെ മുസ്ലീമുകളെ ബാധിക്കുന്ന നിയമനിർമ്മാണം നടത്താൻ ഇന്ത്യയുടെ പാർലിമെന്റിനു അധികാരം പാടില്ലെന്നു മുഷാവരത്ത് ആവശ്യപ്പെടുന്നുണ്ട്. ആന്ധ്രപ്രദേശ് നിയമസഭയിലെ അംഗമായ ബലാഹുദീൻ ഒവീസി പരസ്യമായിത്തന്നെ നിർദ്ദേശിച്ചിരിക്കുന്നു. ''ഇന്ത്യയിലെ ഓരോ സംസ്ഥാനത്തിനകത്തും പ്രത്യേകമായ ഓരോ മുസ്ലീം സംസ്ഥാനമുണ്ടായിരിക്കണം.''

—0—

കാരെ—അധികാരലാഭത്തിനും അവസരസേവയ്ക്കും തക്കം പാർത്തിരിക്കുന്ന ചില കപടവിപ്ലവകാരികളെ മാത്രമേ ഈ വിതണ്ഡവാദം ആകർഷിക്കൂ. ഒന്നു ചോദിക്കട്ടെ, പത്രാധിപർ ശ്രീ. ജോൺ എന്താണ് മാർക്സിസ്റ്റ് പാർട്ടിയിൽ കാണുന്ന വിപ്ലവവും പുരോഗമനവും? എന്നു മുതൽക്കാണിതു കാണാൻ തുടങ്ങിയതു്? അധികാരത്തിലിരുന്നപ്പോൾ കുട്ടനാട്ടിലെ കായൽരാജാവായ മുരിക്കനും പാലക്കാട്ടെ വൻകിടമുതലാളികളായ സുദേവനെപ്പോലുള്ളവർക്കും വീട്ടുപണി ചെയ്തു അവരുടെ പെട്ടിയെടുത്തു നടന്ന—തെണ്ടികളിൽ—ഇന്നും ഒരു സോഷ്യലിസ്റ്റ് കോൺഗ്രസ്സുകാരനെന്നഭിമാനിക്കുന്ന നിങ്ങൾ പുരോഗമനം ദർശിക്കുന്നു. തൊഴിലാളി പ്രേമം കാണുന്നു. ലജ്ജാവഹം! ശ്രീ. ജോൺ പറയുന്നു. കോൺഗ്രസ്സിനെ വലതുകമ്യൂണിസ്റ്റുകാരുടെ വാലാക്കരുതെന്ന്. പക്ഷേ പകരം മാർക്സിസ്റ്റുകാരുടെ വാലാക്കി സംഘടനയെ മാററുന്നതിന് ശ്രീ. ജോൺ പരോക്ഷമായും പ്രത്യക്ഷമായും ആഹ്വാനം ചെയ്യുന്നുമുണ്ട് യഥാർത്ഥത്തിൽ ഇന്ത്യയിലെ ജനാധിപത്യ പ്രസ്ഥാനത്തിനു മാർക്സിസ്റ്റ് പാർട്ടി. ഒരു ഭീഷണിയല്ലേ? മാരക്സിസ്റ്റ് പാർട്ടിയുമായി കൂട്ടുകൂടിയ ഇടതുപക്ഷ സഹോദരപാർട്ടികൾ കണ്ണീരും കയ്യുമായി ഇറങ്ങിപ്പോരേണ്ടിവന്ന സ്ഥിതിവിശേഷമല്ലേ ബംഗാളിലും ഈ കേരളത്തിലും നാം കണ്ടതു്. ഇടതുപക്ഷ ജനാധിപത്യ പാർട്ടികളെ തകർക്കുകയും പരോക്ഷമായി പലതു പിന്തിരിപ്പൻ ശക്തികളെ വളർത്തുകയും ചെയ്യുന്ന മാർക്സിസ്റ്റ് പാരട്ടിയല്ലേ ഇന്ത്യയിലെ ഏററവും വലിയ പിന്തിരിപ്പൻ പാർട്ടി? മാർക്സിസ്റ്റുകൾ ഇക്കഴിഞ്ഞ കാലങ്ങളിൽ കാശാപ്പു ചെയ്ത നിരവധി പാവപ്പെട്ട യൂത്ത് കോൺഗ്രസുകാരുടെ രക്തം ഇന്നും പ്രതികാരത്തിനായി നിലവിളിക്കുന്നു. ബംഗാളിൽ മാർക്സിസ്റ്റുകൾ കുരുതി കഴിക്കുന്നതും ഐക്യമുന്നണിയിലെ ഇടതുപക്ഷ കക്ഷി പ്രവർത്തകരെയാണ്. ഈ ഫാസിസ്റ്റ് പന്തിരിപ്പൻ തശ്ഗുകളുമായിട്ടാണ് എം. എ. ജോണിലെ സോഷ്യലിസ്റ്റ് 'ബാന്ധവം' ആഗ്രഹിക്കുന്നതു്. കമ്യൂണിസത്തിന്റെ പേരിൽ ആസിഡ്ബാംബ് കൊണ്ടു മനുഷ്യമുഖം വരുത്തെടുക്കുകയും നിരപരാധികളെ ബസ്സിൽ വച്ചു ചുട്ടുകൊല്ലുകയും ചെയ്യുന്ന ഈ അഭിനവനാസികളുമായിട്ടു കൂട്ടുപിടിയ്ക്കുന്നതു് എന്തു സോഷ്യലിസമാണെന്നു ബഹു. പത്രാധിപർ വ്യക്തമാക്കുമോ. യൂത്ത് കോൺഗ്രസ് കമ്യൂണിസ്റ്റ് വിരോധത്തിൽ വിശ്വസിക്കുന്നില്ല. പക്ഷെ മനുഷ്യനെ കൊല്ലുന്ന-രക്ത ദാഹം പൂണ്ട— മാർക്സിസ്റ്റ് ബ്രാക്കററ് കമ്യൂണിസം ശ്രീ. ജോൺ കേരളത്തിലെ ചെറുപ്പക്കാരായ പുരോഗമന ചിന്താഗതിക്കാരായ കോൺഗ്രസുകാരെ പഠിപ്പിക്കേണ്ടതില്ലെന്നു വിനീതമായി അപേക്ഷിക്കുന്നു.

ഏതായാലും ശ്രീ. എം. എ. ജോണിന്റെ ഈ ചിന്താഗതിക്കു കേരളത്തിലെ ഒരു സാധാരണക്കാരനായ കോൺഗ്രസുകാരൻ പോലും പിന്തുണ നൽകാൻ പോകുന്നില്ല അപ്പാടെ അതു ചവററുകുട്ടയിൽ വീഴും. ഈ വാദം ഇപ്പോൾ പിന്തിരിപ്പന്മാരായ സിൻഡിക്കേററു സ്വീകരിക്കാനിടയുണ്ടു്. കാരണം അമേരിക്കൻ പണവും ഇവിടത്തെ കുത്തക മുതലാളിത്തവും ബ്രാക്കററ് മാർക്സിസവും എല്ലാം ഇന്നു ഒരേ കൊമ്പിൽ ചേക്കേറിയിരിക്കുകയാണ്. ഈ വിചിത്ര സൃഷ്ടികളുടെ ഇടയിലേക്കു സ്വാഭാവികമായും പത്രാധിപർക്കു സ്വാഗതം ലഭിക്കാനിടയുണ്ടു്.

K. U പുന്നൂസ്
കോട്ടയം.

## എഴുതാപ്പുറം (6-ാം പേജ് തുടർച്ച)

ണം നടത്താൻ ഉത്തരവിട്ടിരുന്നുവെന്നും പട്ടിരുന്നു. അതെല്ലാം വിസ്തരിച്ച്, അഴിമതിയില്ലാതാക്കാൻ വന്ന മന്ത്രിസഭയെ ഏതാനും നാൾ കൂടി നിലനിൽക്കാൻ വേണ്ടി അഴിമതിയന്വേഷണം വേണ്ടെന്നുവെച്ചിരിക്കുകയാണ്. ബാക്കിയഴിമതികൾ ഇനിയും കാണാനിരിക്കുന്നതേയുള്ളു.

നിയമസഭ പിരിച്ചു വിട്ട് ഇടക്കാല തെരഞ്ഞെടുപ്പ് നടത്തുകയാണ് വേണ്ടതെന്ന വാദത്തിൽ നിന്നു ഇ. എം. എസ്സ് പിൻമാറിയെന്നത് ശരിയാണ്. ബദൽ മന്ത്രിസഭയുണ്ടാക്കാൻ അവസരം നൽകാവുന്നതാണെന്നാണ അദ്ദേഹം പറഞ്ഞത്. അതിനു അദ്ദേഹത്തെ കുററപ്പെടുത്തി കൂടാ. എം. എൽ. എ. സ്ഥാനം പോകുമെന്നറിഞ്ഞാൽ തന്റെ കൂടെ വരാൻ ആരെയും കിട്ടുകയില്ലെന്നു ഇ. എം. എസ്സ്. മനസ്സിലാക്കിയിട്ടുണ്ട്. ഒരു പക്ഷെ, ബദൽ മന്ത്രിസഭയുണ്ടാകുമോ എന്ന സംശയം തന്നെയായിരിക്കണം അവസാന നിമിഷത്തിൽ ചില എം. എൽ. എ. മാർ മന്ത്രിസഭയെ പിന്തുണക്കാൻ ഇടയായതിന്റെ കാരണം. നിയമസഭ പിരിച്ചുവിടുമെന്നും പ്രസിഡൻറ് ഭരണം ഏർപ്പെടുത്തുമെന്നും ഭരണകക്ഷിക്കാരും പത്രങ്ങളും കാലേകൂട്ടിതന്നെ ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ നിയമ സഭയിലെ ഏററവും വലിയ കക്ഷിയുടെ നേതാവിനെത്തന്നെ മന്ത്രിസഭരൂപവൽക്കരിക്കാൻ ക്ഷണിക്കണമെന്നില്ലെന്നു ഇ. എം. എസ്സ്. പറഞ്ഞപ്പോൾ അദ്ദേഹം ബംഗാളിൽ ജ്യോതിബസു സ്വീകരിച്ചതിൽ നിന്നു വ്യത്യസ്തമായ നിലപാടാണ സ്വീകരിച്ചത്. സാഹചര്യങ്ങൾ ആ നിലപാടെടുക്കാൻ നിർബന്ധിച്ചതാകാം. വിശ്വാസ പ്രമേയം വിജയിച്ചുവെങ്കിലും കുറുമുന്നണി മന്ത്രിസഭയുടെ അഴിമതി വിരുദ്ധ പ്രസംഗത്തിന്റെ പൊള്ളത്തരം തുറന്നു കാണിക്കാനും കോൺഗ്രസ്സ് പിന്തുണയില്ലാതെ മന്ത്രിസഭക്കു നിലനില്പില്ലെന്നു വ്യക്തമാക്കാനും മാർക്സിസ്റ്റ് പാർട്ടിക്കു കഴിഞ്ഞിട്ടുണ്ട്.

ഭരണകക്ഷിക്കാരാണെന്നോ അല്ലെന്നോ അറിയാൻ പാടില്ലാത്ത കോൺഗ്രസ്സുകാരാണ് വിശ്വാസ പ്രമേയ സംഭവങ്ങളിൽ ഏററവും സഹതാപത്തിനർഹരായവർ. അവർ ഏററവും അവഗണിക്കപ്പെട്ടവരായിരുന്നു. അവർക്കു ഏററവും പ്രചരണം നൽകുന്ന പത്രങ്ങൾ തന്നെ അവിശ്വാസ പ്രമേയ ചർച്ചകളിൽ അവരെ കാര്യമായെടുത്തില്ല. കേരളത്തിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി കഴിഞ്ഞാൽ ഏററവും വലിയ ശക്തിയായ കോൺഗ്രസ്സിനു ഈ ഗതികേടുവരുത്തിവെച്ചത് അതിന്റെ നേതാക്കളുടെ പാപ്പരത്വം മാത്രമാണ്. മന്ത്രിസഭക്കു സർവ്വാത്മനാ പിന്തുണ പ്രഖ്യാപിച്ചു നടക്കുകയായിരുന്നു കെ. കെ. വിശ്വനാഥനും കെ. കരുണാകരനും. അച്ചുതമേനോൻ മന്ത്രിസഭയെ താങ്ങിനിർത്തുമെന്ന വാശിയോടെയാണ് യൂത്ത് കോൺഗ്രസ്സ് നേതാക്കൾ പ്രവർത്തിച്ചത്. പ്രസിഡൻറ് ഭരണം ഒഴിവാക്കുന്നതിനു വേണ്ടിയാണ്

മന്ത്രിസഭക്കു പിന്തുണ നൽകുന്നതെന്നു ആരംഭത്തിൽ പറഞ്ഞിരുന്നവർ പോയിപ്പോയി മന്ത്രിസഭയുടെ സ്തുതി പാഠകരായി മാറി. പോലീസ് മർദ്ദനമുറവിളിയിൽ കഴമ്പില്ലെന്നുവരെ കരുണാകരൻ പറഞ്ഞു. ഈ മന്ത്രിസഭയധികാരത്തിൽ തുടരേണ്ടത് ജനങ്ങളുടെ താല്പര്യത്തിനു ആവശ്യമാണെന്നും കോൺഗ്രസ്സ് കലവറ കൂടാതെ പിന്താങ്ങുമെന്നും കരുണാകരൻ പ്രഖ്യാപിച്ചു.

അങ്ങിനെയാണെങ്കിൽ കരുണാകരൻ മന്ത്രി സഭയിൽച്ചേരാത്തതു അച്യുതമേനോൻ ക്ഷണിക്കാത്തതുകൊണ്ടു് മാത്രമായിരിക്കണം. എന്തുനേട്ടമാണ് ഈ നിലപാടെടുത്തതുകൊണ്ടു് കോൺഗ്രസ്സിനുണ്ടാകാൻ പോകുന്നതെന്നു കരുണാകരൻ–വിശ്വനാഥൻമാർക്കു പോലും അറിയുമായിരിക്കയില്ല. മാടായി, നിലമ്പൂർ തെരഞ്ഞെടുപ്പുകളിൽ കുറുമുന്നണിക്കാരിൽ നിന്നു ഇതേവരെ സഹായ വാഗ്ദാനമൊന്നും കോൺഗ്രസ്സിനു കിട്ടിയിട്ടില്ല. ആകപ്പാടെ എന്തു ചെയ്താലും ഈ മന്ത്രിസഭക്കു പിന്തുണ നൽകുമെന്ന നിലയിൽ കോൺഗ്രസ്സിനെക്കൊണ്ടെത്തിക്കുക മാത്രമാണ് നേതാക്കൾ ചെയ്തിട്ടുള്ളതു്. അതിനു പ്രതിഫലമായി സംഘടനക്കുള്ള ശക്തിക്കനുസൃതമായി നിയമസഭാ സ്ഥാനങ്ങൾ കിട്ടാത്ത സ്ഥിതിയും വരുത്തിവെച്ചിരിക്കയാണ്. അഴിമതി കാര്യത്തിൽ എല്ലാവരും തുല്യപങ്കാളികളാണെന്നു കാണിക്കാനോ കുറുമുന്നണി മന്ത്രിസഭ കുഞ്ഞിന്റെ പേരിലുള്ള അന്വേഷണം റദ്ദാക്കിയതിനെ അപലപിക്കാനോ കോൺഗ്രസ്സ്കാർ തയാറായില്ല.

ഭരണകക്ഷിക്കാരുടെ പ്രസംഗങ്ങളായിരുന്നു ഏററവും പരിഹാസ്യമായതു്. അതു അങ്ങിനെ മാത്രമേ സംഭവിക്കുമായിരുന്നുള്ളു. കാരണം പട്ടയമൂത്സവങ്ങളല്ലാതെ ഈ മന്ത്രിസഭക്കു നേട്ടങ്ങളൊന്നുമുണ്ടായിട്ടില്ല. എസ്സ്. എസ്സ്. പി. നേതാവ് ശിവരാമഭാരതി ചൂണ്ടിക്കാണിച്ചതു പോലെ കോർപ്പറേഷൻ രൂപവൽക്കരണവും അവയിൽ സ്വന്തക്കാരെ തിരുകിക്കയററലും മുറക്കു നടക്കുന്നുണ്ടു്. അതിനുപുറമെ സർവ്വവിധ പ്രലോഭനങ്ങളും എടുത്തെറിഞ്ഞു് തടിതപ്പേണ്ടി വന്ന ഒരു മന്ത്രിസഭക്കു എന്തു മറുപടിയാണ് പറയുവാൻ സാധിക്കുക? ടി. കെ. ദിവാകരന്റെ ഓട്ടൻതുള്ളലും സി. എച്ച്. മുഹമ്മദ്കോയയുടെ കഥാപ്രസംഗവും അറപ്പുളവാക്കുന്നതായിരുന്നു. അച്യുതമേനോന്റെ പ്രസംഗത്തിൽ മുഴുവൻ തന്നെ മാപ്പപേക്ഷയുടെ സ്വരമാണുണ്ടായിരുന്നതു്. "നിങ്ങളും ചെയ്തിട്ടില്ലേ,,? എന്നാണ് ഓരോ തവണയും ഭരണകക്ഷിക്കാർ ചോദിച്ചുകൊണ്ടിരുന്നതു്. അടുത്ത തെരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് പാർട്ടിയുടെ സഹായമില്ലാതെ ഒററ സീററുപോലും കിട്ടാതെ വരുമോ എന്ന ആശങ്കയും അധികാരത്തിൽ പങ്കുപററി കാശുണ്ടാക്കാനുള്ള ആർത്തിയും നല്ലവണ്ണം പ്രതിഫലിപ്പിക്കുന്നതായിരുന്നു ആർ. എസ്സ്. പി. ക്കാരുടെ പ്രസംഗങ്ങൾ. ഇപ്പോൾ നിയമസഭ പിരിച്ചുവിട്ട് ഇടക്കാല തെരഞ്ഞെടുപ്പ് നടത്തണമെന്നും ആർ. എസ്സ്. പി. യുടെ അഖിലേന്ത്യാ നേതാക്കൾ പറയുന്നുണ്ടത്രെ.

'നിങ്ങളും ചെയ്തിട്ടില്ലേ' എന്നുമാത്രം ചോദിക്കാൻ സാധിച്ച ഭരണകക്ഷിക്കാർ മറെറാരു ചോദ്യത്തിനുത്തരം പറയേണ്ടതാണ്. എന്നാൽ പിന്നെ ഇ. എം. എസ്സ്. മന്ത്രിസഭയേയും കോൺഗ്രസ്സ് മന്ത്രിസഭകളേയും അവർ എതിർത്തത് എന്തിനാണ്? അധികാരത്തിൽ തുടരുന്നതിനുവേണ്ടി എന്ത് അഴിമതിയും നടത്താൻ തയ്യാറാവുന്നവർ ഇ. എം. എസ്സ്ന്റെ ആഗ്രഹമനുസരിച്ച് വില്ലിങ്ടണെ മന്ത്രിസഭയിൽ തുടരാൻ അനുവദിക്കുകയല്ലേ ചെയ്യേണ്ടിയിരുന്നതു്?

ഏതായാലും ശരി സംശയരഹിതമായി തെളിയുന്ന രണ്ടുമൂന്നു സംഗതികളുണ്ട്. കേരളത്തിൽ ഒരു കക്ഷിയും മറേറതെങ്കിലും കക്ഷിയുമായി കൂട്ടുചേരുന്നതിനു എതിരല്ലായെന്നതാണ് ഒന്നാമത്തെ സംഗതി. രണ്ടാമത്തേതു് കുറുമുന്നണിക്കാർക്കു ഇ. എം. എസ്സിനോടുള്ള എതിർപ്പ് അഴിമതിയുടെ പേരിലുള്ളതല്ലായിരുന്നുവെന്നതാണ്. മൂന്നാമതായി ഈ മന്ത്രിസഭ അധികാരത്തിൽ തുടരുമെന്നതിനു ഒരു ഉറപ്പും നൽകാൻ വിശ്വാസപ്രമേയത്തിന്റെ വിജയംകൊണ്ട് സാധിച്ചിട്ടില്ല.

പി. കെ. കുഞ്ഞിനേയും എം. എം. തോമസ്സിനേയും സക്കറിയയേയും പ്രീതിപ്പെടുത്താൻ അച്യുതമേനോൻ മന്ത്രിസഭ എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു അടുത്ത ദിവസങ്ങളിൽ കാണാൻ പോകുകയാണ് മാർക്സിസ്റ്റ് നേതൃത്വത്തിലുള്ള മന്ത്രിസഭയെ അഴിമതിയുടെ പേരിൽ വിമർശിച്ച കോൺഗ്രസ്സ്കാർ എന്തു ചെയ്യാൻ പോകുന്നുവെന്നറിഞ്ഞുകൂടാ. ഇതിനകം തന്നെ വ്യക്തിത്വം കളഞ്ഞു കുളിച്ച നേതാക്കൾ കോൺഗ്രസ്സിനെക്കൊണ്ട് അപ്പോഴും വിഴുപ്പു ചുമപ്പിക്കാൻ തയാറായേക്കും. അവരെ നിയന്ത്രിക്കുന്ന പത്രങ്ങളുടെ മുഖപ്രസംഗം ശ്രദ്ധിച്ചാൽ ഇതു് മനസ്സിലാകും. അച്യുതമേനോനു പ്രായോഗിക രാഷ്ട്രീയ തന്ത്രജ്ഞത വേണമെന്നു ഉപദേശിച്ചുകൊണ്ട് മാർച്ച് 24 നു 'മാതൃഭൂമി' എഴുതിയ മുഖപ്രസംഗം നോക്കേണ്ടതാണ്. "അതുകൊണ്ട് സ്വന്തം മന്ത്രിസഭയുടെ നിലനില്പിനു് ചെയ്യാൻ നിർബ്ബന്ധിതമായേക്കാവുന്ന ചില വിട്ടുവീഴ്ചകളെ ഞങ്ങൾ സഹതാപപൂർവ്വം മനസ്സിലാക്കുന്നു' വെന്നാണ് മാതൃഭൂമി പറയുന്നതു്.

പി. കെ. കുഞ്ഞും, എം. എം. തോമസ്സും മാത്രമല്ലാ, മാർക്സിസ്റ്റുകാരെ വിട്ടുപോരുന്ന എം. എൽ. എ. മാരെയെല്ലാം—വില്ലിങ്ടൺ ഉൾപ്പെടെ മന്ത്രിമാരാക്കിയാലും ഇത്തരക്കാരുടെ സഹതാപം കാണും. പക്ഷെ ഇതുകൊണ്ടും മന്ത്രിസഭ രക്ഷപ്പെടുമോ എന്നാണ് സംശയം. ശേഷനും കുറുപ്പും തമ്മിലുള്ള ഗുസ്തിയവസാനിപ്പിക്കാൻ രണ്ടു് പേരെയും മന്ത്രിമാരാക്കിയാലും പററുമോ എന്നറിഞ്ഞുകൂടാ. മാർക്സിസ്റ്റുകാർക്കും കോൺഗ്രസ്സുകാർക്കുമാണ് ഈ രാജ്യത്തെ എഴുപതു ശതമാനം ജനങ്ങളും പിന്തുണ നൽകുന്നത്. അവർക്കിരുവർക്കും പങ്കാളിത്വമില്ലാത്ത ഗവർമ്മെണ്ട് ഒരിക്കലും ഒരു ജനാധിപത്യ ഗവർമ്മെണ്ടാകാൻ തരമില്ല. ഒരു ന്യൂനപക്ഷ ഗവർമ്മെണ്ടിന്റെ വിശ്വാസ പ്രമേയത്തിനു കിട്ടുന്ന വിജയം താൽക്കാലികം മാത്രമായിരിക്കും.

## ലേഖകന്മാരുടെ ശ്രദ്ധയ്ക്കു്

'നിർണ്ണയം' വാരികയിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനങ്ങൾ പത്രാധിപർ 'നിർണ്ണയം' കോൺവെൻറ് റോഡ്, എറണാകുളം, എന്ന മേൽവിലാസത്തിൽ അയക്കണം. പ്രസിദ്ധീകരിക്കാത്ത ലേഖനങ്ങൾ തിരിച്ചയക്കണമെങ്കിൽആവശ്യമുള്ള സ്റ്റാമ്പ് ഒട്ടിച്ച കവർ അടക്കം ചെയ്തിരിക്കേണ്ടതാണ്. എല്ലാ ലേഖകരും തങ്ങളുടെ പൂർണ്ണമായ മേൽവിലാസം പ്രത്യേകമായി എഴുതണമെന്നു അഭ്യർത്ഥിക്കുന്നു. കഥയും കവിതയും വാരികയിൽ പ്രസിദ്ധീകരിക്കുന്നതല്ല

(4–ാം പേജിൽനിന്നും തുടർച്ച)

റൽനോസവാനിൻെറ പട്ടാളത്തെ ചെറുത്തോടിച്ചു രാജ്യത്തിൻെറ പകുതിയും കൈവശത്തിലാക്കി. വീണ്ടും അമേരിക്കൻ പാവകൾക്കു ഒത്ത് തീർപ്പാഞ്ഞ ലഭിച്ചു. ക്രൂഷേവും കെന്നഡിയും കെട്ടിപ്പിടിച്ചു നിൽക്കുന്ന കാലമായതുകൊണ്ട് ലാവോസിലെ സംഘട്ടനമവസാനിപ്പിക്കുന്നതു സംബന്ധിച്ച് 1962ൽ വീണ്ടും ജെനീവയിലും സൂറിച്ചിലും വെച്ച് ഒത്തുതീർപ്പുകളുണ്ടായി. സൌവർണ്ണ ഫൌമാരാജകുമാരൻെറ നിഷ്പക്ഷക്കാർക്കു എട്ടു വകുപ്പുകളും വലതു പക്ഷക്കാർക്കും പാത്തറ് ലാവോവിനും നാലു വകുപ്പുകൾ വീതവും നൽകിക്കൊണ്ടുള്ള ഭരണം വിയൻറീനിൽ സ്ഥാപിക്കണമെന്നായിരുന്നു വ്യവസ്ഥ. ലാവോസിൽ ഒരു വിദേശ സൈനികത്താവളവും സ്ഥാപിക്കപ്പെട്ടുകയില്ലെന്നും സൈനികാവശ്യങ്ങൾക്കു ലാവോസിനെ ഉപയോഗപ്പെടുത്താൻ ഒരു വിദേശ രാജ്യത്തെയും അനുവദിക്കയില്ലെന്നും ജനീവയിൽ 1962ൽ ഒപ്പുവെച്ചു കരാറിൽ വ്യക്തമായ വ്യവസ്ഥയുണ്ട്. ലാവോസിൻെറ അഭ്യന്തര കാര്യങ്ങളിൽ അമേരിക്ക ഇടപെട്ടുകയില്ലെന്നും ഉടനടി സൈനികരെ പിൻവലിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്യപ്പെട്ടിരുന്നു.

പക്ഷെ അമേരിക്കൻ വിമാനങ്ങൾ 1963ൽ ജനറൽ നോസവാനിൻെറ സേനയെ ജാർസ് സമതലത്തിലേക്കു കൊണ്ടുവരുകയാണ് ചെയ്തത്. നിഷ്പക്ഷക്കാരനായ ഒരു മന്ത്രി വധിക്കപ്പെട്ടു. പാത്തറ് ലാവോ മന്ത്രിമാരുടെ ജീവനു നേരെ ഭീഷണികളുയരുന്നു. സൌഫനൌവാങ രാജകുമാരനും കൂട്ടുകാരും വീണ്ടും തങ്ങളുടെ മലയോര താവളങ്ങളിലേക്കു മടങ്ങി. ഗൊറില്ലാ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ജനീവാ കരാറുകൾ അമേരിക്ക കീറിയെറിഞ്ഞു. നിഷ്പക്ഷക്കാരുടെ നേരെയും ജനറൽ നൊസവാൻ ആക്രമണം നടത്തി. ഇപ്പോഴും പാത്തറ് ലാവോ സൈനികരും സ്വാതന്ത്ര്യ പ്രേമികളായ നിഷ്പക്ഷ സൈനികരും .അമേരിക്കൻ ആക്രമങ്ങൾക്കും വിയൻറീൻെറ പാവപ്പട്ടാളത്തിനും എതിരായി സമരം തുടരുകയാണ്. (ലാവോസിൻെറ രാഷ്ട്രീയ ചരിത്രത്തിലെ ഈ വസ്തുതകൾക്ക് വേണ്ടി ന്യൂസ്റ്റേറ്റ്സ്മാൻ വാരിക, ന്യൂയോർക്ക് ടൈംസ് വാരാന്തപ്പതിപ്പ്, ടൈംവാരിക എന്നിവയെ ആശ്രയിച്ചിട്ടുണ്ട്.)

ലാവോസിനു ഒരു നിമിഷം പോലും സ്വൈരമനുവദിക്കാതെ അമേരിക്ക നടത്തുന്ന കയ്യേററങ്ങളുടെയും കരാർ ലംഘനങ്ങളുടേയും ചിത്രം ഇതിൽ നിന്നു വ്യക്തമായിക്കാണാം. അമേരിക്കൻ ജനതയിൽ നിന്നു തന്നെ ലാവോസിലെ കടന്നാക്രമങ്ങളുടേയും ഇടപെടലുകളുടേയുംകാര്യം അമേരിക്കൻ ഭരണാധികാരികൾമറച്ചുപിടിക്കുകയാണ്. വിയററ്നാമിൽ ഉണ്ടായ കയ്പേറിയ അനുഭവങ്ങൾ അമേരിക്കൻ ജനതയിൽ കുറെപ്പേരെയെങ്കിലും പുനർചിന്തനത്തിനു പ്രേരിപ്പിച്ചിട്ടുണ്ട്. ഇതിൻെറ ഫലമായി അമേരിക്കയിലെ പൊതുജനാഭിപ്രായം കുറെയൊക്കെ സൈനിക ഇടപെടലുകളിൽ നിന്നു പിന്തിരിയണമെന്ന വാദം ഉയർത്തിയിട്ടുണ്ട്. എന്നാൽ അഞ്ചുലക്ഷം പട്ടാളക്കാരെ യുദ്ധരംഗത്തിറക്കിവിട്ട് രാജ്യത്തിൻെറ വ്യവസായികോൽപ്പാദനവും സമ്പദ് വ്യവസ്ഥ തന്നെയും യുദ്ധത്തെ കേന്ദ്രീകരിച്ചുള്ളതാക്കിമാററിയിരിക്കുകയാണ്. അമേരിക്കയിലെ അധികാരിവർഗ്ഗം. സ്വന്തം ജനതയിൽ നിന്നുപോലും മൂടിവെച്ചുകൊണ്ട് അന്യരാജ്യങ്ങളിൽ സൈനിക ഇടപെടലുകൾ നടത്താൻ അമേരിക്ക നിർബന്ധിതമാകുന്നത് കേവലം കമ്മ്യൂണിസ്റ്റ്‌വിരോധം കൊണ്ടല്ലതന്നെ.

## യുദ്ധമാവശ്യമുള്ളവർ

സൈന്യത്തേയും യുദ്ധത്തേയും ആശ്രയിച്ചു നിൽക്കുന്ന അമേരിക്കൻ കുത്തകമുതലാളിമാർ വിയററ്നാമിൽ നിന്നു ഒഴിച്ചു പോകേണ്ടിവരുന്നതിനുള്ള തയാറെടുപ്പിൻെറ ഭാഗമായിട്ടുകൂടിയാണ് ലാവോസിൽ കൂടുതൽ ശക്തമായ സൈനികാക്രമങ്ങൾ സംഘടിപ്പിക്കുന്നത്. കാരണം വിയററ്നാമിൽ നിന്നു പ്രതീക്ഷിച്ചതിൽ വേഗം സ്ഥലം വിടേണ്ടി വരുമെന്ന നിലയാണുള്ളതെന്നു അമേരിക്കൻ അധികൃതർക്കു മനസ്സിലായിട്ടുണ്ട്. അങ്ങിനെ സംഭവിച്ചാൽ സൈനിക സാമിഗ്രികളെ ആശ്രയിച്ചു നിൽക്കുന്ന അമേരിക്കൻ സമ്പദ് വ്യവസ്ഥക്കു സാരമായ ഇടിച്ചിൽ സംഭവിക്കയായിരിക്കും ഫലം. അത് തടയാനുള്ള ശ്രമത്തിൽ പുതിയ യുദ്ധരംഗം അമേരിക്കക്കാവശ്യമാണ്. ലാവോസിൽ ചെറിയ തോതിൽ നേരത്തേ തന്നെയുണ്ടായിരുന്ന യുദ്ധത്താവളങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമമാണ് ജാർസ് സമതലത്തിൽ അടുത്ത ദിവസം നടന്ന ആക്രമണം.

വിയററ്ണാമിലെ യുദ്ധം ഒരിക്കലും ജയിക്കയില്ലെന്നു അമേരിക്കൻ സൈനികമേധാവികൾക്കു അറിഞ്ഞുകൂടാത്തതല്ല. ലാവോസിലും ഇതേയനുഭവമാണ ഉണ്ടാകാൻ പോകുന്നതെന്നു മനസ്സിലാക്കാനുള്ള ബുദ്ധിയും അവർക്കില്ലാതില്ല. പക്ഷെ യുദ്ധത്തെയടിസ്ഥാനമാക്കിയുള്ള സമ്പദ്‌വ്യവസ്ഥയുടേയുംഅവ നിയന്ത്രിക്കുന്നവ്യവസായികളുടേയും അടിമകളാണവർ. അപ്പോൾ വിയററ്നാമിൽ നിന്നു ലാവോസിലേക്കും ലാവോസിൽനിന്നു കമ്പോടിയായിലേക്കും താവളങ്ങൾ മാറിമാറിപ്പോകേണ്ടി വരുമെന്നമാത്രം. അന്താ രാഷ്ട്ര രംഗത്തെ പുതിയ സ്വാധീന വലയ സിദ്ധാന്തത്തിൽ റഷ്യയിൽ നിന്നു കേവലം നാമമാത്രമായ എതിർപ്പുകൾ മാത്രമാണ്നേരിടുകയെന്നും അമേരിക്ക മനസ്സിലാക്കിയിരിക്കുന്നു. അമേരിക്കയുമായി മത്സരിച്ച് നടത്തിയ ആയുധ ശേഖരം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനു പുതിയ യുദ്ധരംഗങ്ങൾ തുറക്കുന്നതു് റഷ്യയുടേയും താൽപ്പര്യങ്ങൾക്കു വിരുദ്ധമാകണമെന്നില്ല. സൈനിക സഹായത്തെപ്പോലെ മററൊന്നും തന്നെ സ്വാധീനമുറപ്പിക്കാൻ പര്യാപ്തമായിട്ടില്ലല്ലോ.

## ഏഷ്യയെ രക്ഷിക്കുക

എങ്ങിനെയായാലും രണ്ട് രാജ്യങ്ങളും യൂറോപ്പിൽ നിന്നും അമേരിക്കയിൽ നിന്നും യുദ്ധമൊഴിച്ചു നിർത്തണമെന്നതിൽ യോജിച്ചിരിക്കുകയാണ്. പടിഞ്ഞാറെ ജർമ്മനിയും റഷ്യയുമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അടുത്തബന്ധങ്ങൾ ഇതിൻെറ സൂചനയാണ്. തെക്കെ അമേരിക്കൻ നാട്ടുകളിൽ വാഷിങ്ടൺ നടത്തുന്ന കയ്യേററങ്ങൾക്കു റഷ്യയുടെ നാമമാത്രമായ എതിർപ്പല്ലാതെ മററൊന്നുമുണ്ടാകുന്നില്ല. ഇരുവർക്കും ഏഷ്യയിലോ ആഫ്രിക്കയിലോ യുദ്ധമുണ്ടാകുന്നതിൽ വിരോധവുമില്ല. അമേരിയായാലും റഷ്യയായാലും ചൈനയെ തട്ടു നിർത്താനുള്ള ശ്രമത്തിലാണല്ലോ ഏർപ്പെട്ടിരിക്കുന്നത്. അന്താരാഷ്ട്ര രംഗത്ത് പശ്ചാത്യാധിപത്യം നടത്തുന്ന ഈ കുടില തന്ത്രങ്ങൾ മനസ്സിലാക്കുന്നതിൽ ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങൾ പരാജയപ്പെട്ടിരിക്കുകയാണും. കമ്മ്യൂണിസത്തിൻെറ പേരിലായായലുംകൊള്ളാംസ്വയംനിർണ്ണയാവകാശത്തിൻെറ പേരിലായാലും കൊള്ളാം അഭ്യന്തര സമരത്തിൻെറ പേരിലായാലും കൊള്ളാം ഏഷ്യയിലേയും ആഫ്രിക്കയിലേയും പ്രശ്നങ്ങൾക്കു ഏഷ്യയും ആഫ്രിക്കയും തന്നെ പരിഹാരം കാണണമെന്നു നിശ്ചയിക്കേണ്ട കാലം വൈകി. അങ്ങനെയൊരു തീരുമാനമുണ്ടാകുന്നില്ലെങ്കിൽ പുത്തൻ സാമ്രാജ്യത്വം പിൻവാതിലിലൂടെ വന്നു ഏഷ്യയുടേയും ആഫ്രിക്കയുടേയും മേൽ വാഴ്ചനടത്തുകയായിരിക്കും ഫലം.

—0—

Vol. 1

# NIRNAYAM

No. 9 (ERNAKULAM 29TH MARCH 1970) **Price 35 Ps.**

(കുറിപ്പുകൾ തുടർച്ച)

യ്യാററായി. കോൺഗ്രസ്സ് അണികളെപ്പോലും കണക്കാക്കാതെ കൊട്ടാരക്കരയിൽ അച്യുതമേനോനു പിന്തുണ പ്രഖ്യാപിച്ചിരിക്കുന്നു. ഇത് കണ്ടാൽ തോന്നുക ഇവർക്കു് കുറുമുന്നണിക്കാരോടും മാർക്സിസ്റ്റുകാരോടും ഉള്ളതിനേക്കാൾ വാശിയും എതിർപ്പും കോൺഗ്രസ്സുകാരോടാണെന്നാണ്. ഒരു പക്ഷെ യൂത്തുകോൺഗ്രസ്സ് നേതാക്കൾ കോൺഗ്രസ്സിൽ കമ്മ്യൂണിസ്റ്റ് നുഴഞ്ഞുകയററമെന്ന് പ്രചരിപ്പിക്കുന്നതു് ഈ നേതാക്കളെപ്പററിയായിരിക്കാം. അപകർഷതാബോധംകൊണ്ട് വിവേകം നശിച്ച കോൺഗ്രസ്സ് നേതാക്കൾ സ്വന്തം കക്ഷിയുടെ തന്നെ താല്പര്യങ്ങൾ കുഴിച്ചുമൂടി. കെ. പി. സി. സി. അഡ്ഹോക്ക് കമ്മിററിയിൽ കൊട്ടാരക്കര തെരഞ്ഞെടുപ്പ് സംബന്ധിച്ച് നേതാക്കൾ ഏകപക്ഷീയമായ പ്രഖ്യാപനങ്ങൾ നടത്തിയതിനെപ്പററി വിവേകശാലികളായ ചിലർ ശക്തിയായി വിമർശിച്ചു. അപ്പോഴാണ് അല്പബുദ്ധികളായ കോൺഗ്രസ്സ് നേതാക്കൾക്കു വിവേകമുദിച്ചു തുടങ്ങിയതു്. ഉടനെ മൂന്നു ഉപതെരഞ്ഞെടുപ്പുകളേയും കൂട്ടിച്ചേർത്തു വിശ്വനാഥനും കരുണാകരനും സംസാരിക്കാൻ തുടങ്ങി. ഒരാലോചനയും നടത്താതെ മന്ത്രിസഭയെത്താങ്ങിനടന്നവരെ അവജ്ഞയോടെ അവഗണിച്ചുകൊണ്ട് മുസ്ലീംലീഗ് നിലമ്പൂരിൽ സ്വന്തം സ്ഥാനാർത്ഥിയെ നിർത്തി. കൊട്ടാരക്കര സ്ഥാനാർത്ഥിയെ നിർത്താഞ്ഞതിൽ അണികളുടെ എതിർപ്പ് മനസ്സിലാക്കിയ നേതാക്കൾക്ക് ഒരു സ്ഥാനാർത്ഥിയെ നിർത്താതെ നിവൃത്തിയില്ലാതെ വന്നു. എന്നിട്ട് ലീഗിന്റെ പിൻതുണക്കുവേണ്ടി പരക്കംപാച്ചിൽ ആരംഭിച്ചു. കരഞ്ഞു കാലിൽ പിടിക്കുന്ന കരുണാകരനിൽ ബാഫാക്കിക്ക് ഒടുവിൽ കരുണ തോന്നി. ലീഗ് നിർത്തിയിരുന്ന സ്വതന്ത്രസ്ഥാനാർത്ഥിയെ പിൻമാററി കിട്ടിയിട്ടുണ്ട്. സിണ്ടിക്കേററും ഒരു സ്ഥാനാർത്ഥിയെ നിറുത്തി മത്സരിക്കുന്നുണ്ട്. ഈ സ്ഥാനാർത്ഥിക്കു കിട്ടുന്ന വോട്ട് അനുസരിച്ചായിരിക്കും കോൺഗ്രസ്സിന്റെ വിജയമോപരാജയമോ കുറിക്കപ്പെടുന്നതു്. നിലമ്പൂരിൽ സിണ്ടിക്കേററിനു് കുറെ സ്വാധീനവുമുണ്ട്.

കോൺഗ്രസ്സ് സ്ഥാനാർത്ഥി നിലമ്പൂരിൽതോൽക്കുന്നതാണ് ലീഗിനു് നേട്ടം. പിന്നീട് മുന്നണിയുണ്ടാക്കുമ്പോൾ ലീഗിനു് നിലമ്പൂരിൽ അവകാശവാദം ഉന്നയിക്കുവാൻ സൗകര്യം ലഭിക്കും. ആദ്യം തൊപ്പിയൂരി സ്പീക്കറാകാനും പിന്നീട് രണ്ടു മന്ത്രിമാരെയുണ്ടാക്കാനും ഐക്യമുന്നണി കച്ചവടംവഴി സാധിച്ച ലീഗുകാർ കൂടുതൽ എം. എൽ. എ.മാരെയുണ്ടാക്കാനും സ്വാധീനം വർദ്ധിപ്പിക്കാനും നടത്തിയ ശ്രമങ്ങൾ വിജയിച്ചുകൊണ്ടിരിക്കുകയാണ്. മാർക്സിസ്റ്റുകാർ ജയിക്കുന്നെങ്കിൽ തങ്ങളുടെ സ്വാധീനം വർദ്ധിച്ചുവെന്നു വരുത്താനായിരിക്കും മുസ്ലീംലീഗ് നിലമ്പൂരിൽ ശ്രമിക്കുക.

എല്ലാംകഴിഞ്ഞ് മാടായിയിലെ ഉപതെരഞ്ഞെടുപ്പിലും കോൺഗ്രസ്സിനു പിന്തുണ നൽകാൻ ആളുകളുണ്ടാകുമോ എന്നു സംശയിക്കണം. വിശ്വാസ പ്രമേയത്തിന്റെ വോട്ടെടുപ്പിൽ സിൻഡിക്കേററുകാർ നിഷ്പക്ഷത പാലിച്ചത് മാടായിയിൽ പിന്തുണ നൽകാമെന്ന് കുറുമുന്നണിക്കാർ നൽകിയ ഉറപ്പിന്റെയടിസ്ഥാനത്തിലാണെന്നു കേൾക്കുന്നുണ്ട്. ഇത് ശരിയായിരിക്കണം. കാരണം മലബാറിൽ സിൻഡിക്കേററുകാർക്കാണു കൂടുതൽ ശക്തിയെന്നു പൊതുവെ ധാരണയുണ്ടായിട്ടുണ്ട്. അതിനുപുറമെ സിൻഡിക്കേററുകാരെ തീരെ നശിപ്പിക്കണമെന്നായിരിക്കയില്ലാ കുറുമുന്നണിക്കാരുടെ ഉദ്ദേശം സിൻഡിക്കേററുകാരേയും കോൺഗ്രസ്സിനേയും പരസ്പരം മത്സരിപ്പിക്കുന്നതിനു വേണ്ടി നിലനിർത്തേണ്ടത് കുറുമുന്നണിയുടെ ആവശ്യമാണ്. അതിനുവേണ്ടി അവർ സിൻഡിക്കേററിനു ഇല്ലാത്ത ശക്തിയുണ്ടെന്നു കാണിക്കാൻ ശ്രമിച്ചേക്കും. മാടായി ഉപതെരഞ്ഞെടുപ്പ് അതിനുള്ള സന്ദർഭം അവർക്കു നൽകുന്നു. അവസാനം കുറുമുന്നണിയെ വിട്ടുള്ള നിലനിൽപ്പ് ഇരുവർക്കും സാദ്ധ്യമല്ലെന്ന സ്ഥിതിവരുത്തിയ ശേഷം കോൺഗ്രസ്സിനു തിരുകൊച്ചിഭാഗത്ത് ഏതാനും സ്ഥാനങ്ങളും മലബാറിൽ സിൻഡിക്കേററിനു ഏതാനും സ്ഥാനങ്ങളും 'വേണമെങ്കിൽ പിടിച്ചോ' എന്ന മട്ടിൽ കുറുമുന്നണിക്കാർ വെച്ചുനീട്ടും. നേതാക്കളല്ലാതെ അനുയായികൾ ഇല്ലെന്നു അറിയാവുന്ന സിൻഡിക്കേററുകാർ 'കിടച്ചതുമെച്ചം' എന്നു കരുതും. കോൺഗ്രസ്സിനു അർഹമായ സ്ഥാനങ്ങൾ ലഭിക്കുകയില്ലെന്നു മാത്രമല്ലാ, കോൺഗ്രസ്സിന്റെ വോട്ടുകൊണ്ട് മുസ്ലീംലീഗും കേരളാ കോൺഗ്രസ്സും, വലത് കമ്യൂണിസ്റ്റുകാരും കൊഴുത്ത് തടിക്കുകയും ചെയ്യും. ഈ നിലയിലാണ് കേരളത്തിലെ അഡ്ഹോക്ക് നേതാക്കൾ കോൺഗ്രസ്സിനെക്കൊണ്ടു ചെന്നെത്തിച്ചിട്ടുള്ളതു. കോൺഗ്രസ്സിനു് രക്ഷപ്പെടാൻ ഇനി വൈകിയാൽ അസാദ്ധ്യമാണ്. കോൺഗ്രസ്സിലും സോഷ്യലിസത്തിലും വിശ്വസിക്കുന്ന ആയിരക്കണക്കിനു കോൺഗ്രസ്സുകാർ ഉണരുന്നു പ്രവർത്തിക്കേണ്ട സമയമാണിതു്. കർഷകത്തൊഴിലാളികളേയും നാട്ടുകാരേയും മർദ്ദിക്കുകയും എന്തഴിമതിയും ചെയ്ത് അധികാരത്തിൽ തുടരുകയും ഏതുനിമിഷവും തമ്മിൽതല്ലി നശിക്കാൻ പോകുകയും ചെയ്യുന്ന ഒരു മന്ത്രിസഭയുടെ പിന്നാലെ വാലാട്ടി നടക്കേണ്ട ഗതികേട് വരുത്തിവെച്ച നേതാക്കളെ വലിച്ചെറിയാതെ നിർവ്വാഹമില്ല. കോൺഗ്രസിന്റെയുംസർവ്വോപരി രാജ്യത്തിന്റെയും ഭാവിയെ മുന്നിൽ കണ്ടുകൊണ്ട് യഥാർത്ഥ സോഷ്യലിസ്ററ് ഐക്യം വളർത്തി എടുക്കാൻ സാധാരണ കോൺഗ്രസ്സുകാരും പ്രത്യേകിച്ച് യുവാക്കളും പാപ്പരായ നേതൃത്വത്തിനെതിരെ മുന്നോട്ടുവരേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ള ഒരു മുന്നേററത്തിനു മാത്രമേ കോൺഗ്രസിനെ രക്ഷിക്കാനാവൂ. നേതാക്കളെക്കാൾ കോൺഗ്രസ് സംഘടനയാണ് വലുതു്.

—0—

Edited printed and published by M. A. John Convent Road, Cochin-11

at Empees Press, Gopal prabhu Road, Cochin-11